# ദി ഡിഫെൻഡർ

Vol. No. 13 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2010 September 16 Price: Rs.100/- P.A.


# പി.ജി.വർഗീസ് കുറുവടി തിരികെ വാങ്ങുന്നു

ആറു വർഷം മുൻപു ജോയി തോമസിനു പി.ജി.വർഗീസ് കൈമാറിയ അധികാരം തിരികെ വാങ്ങി. അങ്ങനെ ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ നേതൃത്വം വീണ്ടും പി.ജി.വർഗീസിന്റെ തോളിലെത്തി.

ഏറെ കൊട്ടിഘോഷിച്ചാണ് 2004ൽ അധികാര കൈമാറ്റം നടന്നതെങ്കിൽ ഇത്തവണ ഏറെപ്പേരൊന്നും അറിയാതെ, അതീവ രഹസ്യമായാണ് അധികാരം തിരിച്ചു പിടിച്ചത്. ജൂലൈ 15ന് പി.ജി.വർഗീസ് തന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾക്ക് അയച്ച ഈമെയിലിൽ അധികാര കൈമാറ്റത്തിന്റെ കഥ പറയുന്നുണ്ട്. ജൂലൈ 13ന് പി.ജി. വർഗീസ് അധികാരം തിരികെ വാങ്ങി എന്നാണ് ഈമെയിലിൽ പറയുന്നത്. വിശ്വസനീയമായ കാരണമൊന്നും പറയുന്നുമില്ല.

ജോയി വർഗീസിന് 2004ൽ അധികാരം കൈമാറിയത് സകലവിധ പേക്കൂത്തുകളുടെയും അകമ്പടിയോടെയായിരുന്നു. 2004 മെയ് 11ന് കട്ടറ സഭയിൽ നടന്ന പ്രത്യേക നേതൃസമ്മേളനത്തിലാണ് നാടകത്തിന്റെ ആദ്യ രംഗം അരങ്ങേറിയത്. അവിടെവെച്ച് ജോയി തോമസിനേയും ഭാര്യ എൽസിയേയും ടീം ലീഡർമാർ തൈലാഭിഷേകം ചെയ്ത് ടീമിന്റെ ആത്മീയ നേതാക്കളാക്കി. നവംബർ നാലിന് പത്താൻകോട്ടുവെച്ച് പ്രാർത്ഥിച്ച് ആത്മീക നേതൃത്വം കൈമാറി. നവംബർ 9ന് ഒടുക്കത്തെ കൈമാറ്റം നടന്നു. ദൈവവചനത്തിൽ നിന്നും അണുവിട വ്യതിചലിക്കാതിരിക്കാൻ തോംസൺ ബൈബിൾ, പി.ജി.വർഗീസ് ശുശ്രൂഷയ്ക്ക് ഇറങ്ങിയപ്പോൾ കൈവശമുണ്ടായിരുന്ന 42 രൂപ, ഒരു റിലേ ബാറ്റൺ (കുറുവടി), ഒരു അരക്കച്ച, ഒരു ഭൂപടം എന്നീ തിരുശേഷിപ്പുകളാണ് ജോയി എം.തോമസിന് അന്നു ലഭിച്ചത്. വർഷങ്ങൾ കഴിഞ്ഞ് ജോയി



ആറു വർഷം മുൻപ് പി.ജി.വർഗീസ് ജോയി തോമസിന് കുറുവടി കൈമാറിയ ദൃശ്യം

തോമസ് മറ്റൊരാളെ അഭിഷേകം ചെയ്യുമ്പോൾ മേല്പടി ജംഗമ വസ്തുക്കൾ പുതിയ നേതാവിന് കൈമാറണം എന്നായിരുന്നു ധാരണ. പക്ഷേ പി.ജി.വർഗീസ് ഈ ദിവ്യവസ്തുക്കൾ ജോയി തോമസിൽ നിന്നു തിരികെ വാങ്ങിയോ എന്നും വാങ്ങിയെങ്കിൽ എന്നു വാങ്ങി എന്നും വ്യക്തമല്ല.

അധികാരക്കൈമാറ്റം എന്തുകൊണ്ടു രഹസ്യമാക്കി? ഒരു വിശദീകരണവും പി.ജി.വർഗീസ് നൽകുന്നില്ല. ഇങ്ങനെയൊരു സംഭവം നടന്നതായി ലോകം അറിഞ്ഞിട്ടില്ല എന്നതാണു വസ്തുത.

ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീമിൽ എന്തൊക്കെയോ ചീഞ്ഞു നാറുന്നുണ്ട്. പക്ഷേ ഈ പ്രസ്ഥാനത്തിനു പണം നൽകി സഹായിക്കുന്നവരോടുപോലും പി.ജി.വർഗീസ് സത്യം പറയുന്നില്ല. 2004ൽ നടന്ന അധികാരക്കൈമാറ്റം ഏവരേയും അറിയിച്ചെങ്കിൽ ഇതും അറിയിക്കണം. സത്യം തുറന്നു പറയാനുള്ള മര്യാദ പി.ജി.വർഗീസ് കാണിക്കണം.

# മുടിക്കൽ ശുശ്രൂഷ സമ്പൂർണ്ണ വിജയം

ഡാളസിലെ ടാബർനാക്കിൾ സഭയുടെ മുടിക്കൽ ശുശ്രൂഷയുടെ ആദ്യഘട്ടം കെ.പി. മാത്യു വിജയകരമായി പൂർത്തിയാക്കി. സഭയുടെ സെക്രട്ടറിയും ട്രഷറാറും തങ്ങളുടെ ഔദ്യോഗിക പദവികൾ മാത്രമല്ല സഭാംഗത്വവും രാജിവച്ചു. മറ്റു ചിലർ ഇതിനു മുൻപുതന്നെ രാജി വച്ചു പിരിഞ്ഞിരുന്നു.

ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രമാണ് കെ.പി.മാത്യു ആദ്യകാലം മുതൽ പയറ്റിയിരുന്നത്. ഒരു പാസ്റ്റർ ചെയ്യാൻ പാടില്ലാത്തതെല്ലാം ഇയാൾ ചെയ്തു. അമേരിക്കയിൽ സ്ഥിരമായി താമസിക്കാനുള്ള വിസ സംഘടിപ്പിക്കാനുള്ള തത്രപ്പാടിനിടയിൽ ധാർമ്മികമൂല്യങ്ങൾ കെ.പി. മാത്യു വിസ്മരിച്ചു. സാത്താൻ കുട്ടിയുടെയും ശിങ്കിടികളുടെയും പിൻതുണയോടെ അഴിഞ്ഞാടി. മുന്നറിയിപ്പുകൾ അവഗണിച്ചു. അങ്ങനെ സഭ മുടിച്ചു.

കൊഴിഞ്ഞുപോക്കു തുടങ്ങിയിട്ട് ആഴ്ചകൾ പലതായി. സഭയ്ക്കു സാമ്പത്തിക അടിത്തറ ഉണ്ടാക്കുന്നതിൽ പ്രധാന പങ്കു വഹിച്ച ഒരാൾ ഏതാനും ആഴ്ച മുൻപു സഭവിട്ട് പുതിയ സഭ തുടങ്ങി. മറ്റു ചിലരും വിട്ടുപോയി. ഇപ്പോഴിതാ സെക്രട്ടറിയും ട്രഷറാറും സഭ വിട്ടിരിക്കുന്നു. ശല്യം ഒഴിഞ്ഞല്ലോ എന്ന ആശ്വാസത്തിലാണു കെ.പി. മാത്യു. ഇനി തിരുവായ്ക്ക് എതിർവാ ഉണ്ടാകില്ല.



കെ.പി.മാത്യു കൊട്ടുന്ന താളത്തിനു തുള്ളുന്നവരെ സെക്രട്ടറി, ട്രഷറാർ എന്നീ സ്ഥാനങ്ങളിൽ ആക്കിവയ്ക്കുക എന്നതാണ് ഇനി ചെയ്യാനുള്ളത്. അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഈ ലക്കം ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തുന്നതിനു മുമ്പ് തെരഞ്ഞെടുപ്പു കഴിഞ്ഞിരിക്കും.

ശമ്പളം വർദ്ധിപ്പിക്കുക, അധികാരം അരക്കിട്ടുറപ്പിക്കുക, ഇമിഗ്രന്റ് വിസ നേടിയെടുക്കുക തുടങ്ങിയതൊക്കെയാണു തുടർന്നു ചെയ്യാനുള്ളത്. തടസ്സങ്ങൾ നീങ്ങിയതുകൊണ്ട് ഇതെല്ലാം എളുപ്പം സാധിക്കും. പക്ഷേ ഒരു സംശയം മാത്രം അവശേഷിക്കുന്നു: മുഴുലോകവും നേടിക്കഴിമ്പോൾ ഈ മൂഢനു ജീവിതം ബാക്കിയുണ്ടായിരിക്കുമോ?

# പാക്കിൽ പ്രശ്നം: ദുരൂഹത ഏറുന്നു

ചർച്ച് ഓഫ് ഗോഡ് കേരള റീജിയന്റെ കൺവൻഷൻ സ്റ്റേഡിയം ഓവർസിയർ വിറ്റുതുലച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുന്നു. താത്ക്കാലിക ഓവർസിയറായി പാസ്റ്റർ കെ.സി.ജോൺ (മുളക്കുഴ) അധികാരമേറ്റെങ്കിലും പ്രശ്നപരിഹാരത്തിനുള്ള വഴി തെളിഞ്ഞിട്ടില്ല.

കേരള റീജിയൻ ഇല്ലാതാക്കാനാണ് കെ.സി.ജോണിനെ നിയമിച്ചതെന്നൊരു കിംവദന്തി പരന്നിരുന്നെങ്കിലും അങ്ങനെയൊന്നും സംഭവിക്കുകയില്ലെന്ന് വേണ്ടപ്പെട്ടവർ വ്യക്തമാക്കി. അതോടെ ആ ഭീതി അകന്നു. പക്ഷേ റീജിയന്റെ ആസ്ഥാനം പാക്കിൽ നിന്നു മറ്റൊരിടത്തേക്കു മാറ്റാനുള്ള നീക്കം നടക്കുന്നതായി സംശയമുയർന്നിരിക്കയാണ്. പാക്കിൽ മിച്ചമുള്ള സ്ഥലവും മറ്റും വിറ്റാൽ ഉൾഗ്രാമങ്ങളിലെവിടെയെങ്കിലും കൂടുതൽ വിസ്തൃതിയുള്ള സ്ഥലം ലഭിക്കും. സഭയുടെ പുരോഗതിക്ക് അതാണു നല്ലത് എന്ന് അഭിപ്രായമുള്ളവരുണ്ട്. എന്നാൽ പാക്കിലെ വിശുദ്ധ ഭൂമി വിട്ട് എങ്ങോട്ടുമില്ല എന്ന



വാശിയിലാണു മറുപക്ഷം. അത്ര പെട്ടെന്നൊന്നും പരിഹരിക്കാവുന്നതല്ല ഈ പ്രശ്നം.

നഷ്ടപ്പെട്ട ഭൂമി (1.80 ഏക്കർ) എങ്ങനെ തിരിച്ചു പിടിക്കും എന്നതും ഒരു പ്രശ്നമാണ്. ഒന്നര വർഷം മുൻപു വസ്തു തീറാധാരം ചെയ്തു കഴിഞ്ഞിരിക്കെ ഇപ്പോഴത്തെ ഉടമസ്ഥൻ ചോദിക്കുന്ന വില കൊടുത്താൽ മാത്രമേ സ്ഥലം തിരികെ ലഭിക്കൂ. ഒരു കോടിയിലധികം രൂപ ഈ സ്ഥലത്തിനു വിലമതിക്കും എന്നതിനാൽ തിരികെ വാങ്ങൽ എന്നതു വിചാരിക്കുന്നത്ര എളുപ്പമാകില്ലെന്നു തീർച്ച.

വെറും നാലരലക്ഷം രൂപ മാത്രമാണ് വസ്തുവിന്റെ വിലയായി ആധാരത്തിൽ കാണിച്ചിരിക്കുന്നത്. അതുകൊണ്ട് വില കുറച്ചുകാണിച്ച് വസ്തു ആധാരം നടത്തി സർക്കാരിനെ കബളിപ്പിച്ചു എന്നു ചൂണ്ടിക്കാട്ടി പരാതി നൽകിയാൽ ആധാരം റദ്ദാക്കാൻ കഴിയുമെന്നു ചിലർ കണക്കുകൂട്ടുന്നു. പക്ഷേ സർക്കാർ നിശ്ചയിക്കുന്ന പിഴ അടച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ. ഈ കാരണം പറഞ്ഞ് ആധാരം റദ്ദാക്കാനാവില്ല എന്നു ചുരുക്കം.

കൗൺസിലിന്റെ അറിവും സമ്മതവും കൂടാതെയാണ് ഓവർസിയറായ തോമസ് ജോൺ ഈ വില്പന നടത്തിയിരിക്കുന്നതെന്നും അതുകൊണ്ട് വില്പന അസാധുവാക്കാൻ കേസ്സ് കൊടുക്കണമെന്നും വാദിക്കുന്നവരുണ്ട്. പക്ഷേ അമേരിക്കയിലുള്ള കേന്ദ്ര ഓഫീസിലേക്ക് എന്തോ ആവശ്യത്തിനു കത്തയയ്ക്കാൻ എന്നു പറഞ്ഞ് തോമസ് ജോൺ കൗൺസിൽ അംഗങ്ങളുടെയെല്ലാം ഒപ്പ് വെള്ളപേപ്പറിൽ വാങ്ങി വച്ചിരുന്നെന്നും വസ്തു വിൽക്കാൻ കൗൺസിൽ തീരുമാനിക്കുന്നതായി ആ കടലാസ്സിൽ പിന്നീട് എഴുതിച്ചേർത്തിട്ടുണ്ടെന്നും ഒരു വാർത്ത പരക്കുന്നുണ്ട്. ഈ വാർത്ത ശരിയാണെങ്കിൽ കേസ്സു കൊണ്ടു ഗുണമുണ്ടാകുമോ എന്നു കണ്ടറിയണം. മാത്രമല്ല, സ്റ്റേഡിയം വില്പനയുടെ ഉത്തരവാദിത്വം ഓവർസിയർക്കു മാത്രമല്ല എല്ലാ കൗൺസിൽ അംഗങ്ങൾക്കും ഉണ്ടെന്നു വരുകയും ചെയ്യും. പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുമെന്നു ചുരുക്കം.

പ്രശ്നപരിഹാരത്തിനായി ആക്ഷൻ കൗൺസിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും എന്തു ചെയ്യണമെന്ന കാര്യത്തിൽ അഭിപ്രായ ഭിന്നത നിലനിൽക്കുന്നു. അതുകൊണ്ട് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതിനിടയിൽ ചിലർ ഓവർസിയർ കസേരയ്ക്കായി ചരടുവലികൾ ആരംഭിച്ചു കഴിഞ്ഞു. ഏതായാലും ഇത്ര വലിയ ഒരു സാമ്പത്തിക വെട്ടിപ്പ് അടുത്ത കാലത്തൊന്നും ഒരു പെന്തക്കോസ്ത് സഭയിലും ഉണ്ടായിട്ടില്ല.

## പകൽക്കാലം

വിഷക്കള്ളുണ്ടാക്കിയ ആളിന്റെ പേരു വിചിത്രമാ....
**ദ്രവ്യൻ**.
വിഷക്കള്ളം വിറ്റു കാശുണ്ടാക്കുന്നവരേയും അങ്ങനെവിളിക്കാം...
ദ്രവ്യമാണല്ലോ ലക്ഷ്യം.



ദി ഡിഫെൻഡർ

Vol. No.13 Issue No.18 2010 September 16

## ദ്രവ്യാഗ്രഹം അതിരു കടക്കുമ്പോൾ

ഗുരുതരമായ പാപങ്ങളുടെ ലിസ്റ്റിലാണു ദൈവവചനം ദ്രവ്യാഗ്രഹത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. സഹോദരൻ എന്ന നിലയിൽ പരിഗണിക്കപ്പെടുന്ന ആരെങ്കിലും അത്യാഗ്രഹിയാണെങ്കിൽ അവനോടു സംസാരിക്കുകപോലും ചെയ്യരുത് എന്നാണു പൗലോസ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്ര ഗൗരവമുള്ള പാപത്തെ പെന്തക്കോസ്തുകാർ അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുന്നില്ല എന്നതു ദു:ഖകരമാണ്.

പണമുണ്ടാക്കാൻ വേണ്ടി എന്തും ചെയ്യാൻ ദൈവമക്കൾ, വിശേഷിച്ചും പാസ്റ്റർമാർ, തയ്യാറാകുന്നു. വണ്ടിക്കച്ചവടം, ദല്ലാൾ പണി, വിസക്കച്ചവടം, പണമുണ്ടാക്കാനായുള്ള വിദേശയാത്ര തുടങ്ങി ദൈവദാസൻമാർ ചെയ്യാൻ പാടില്ലാത്തതെല്ലാം ഇവർ ചെയ്യുന്നു. വിദേശയാത്ര സ്ഥിരം തൊഴിലാക്കിയവരുണ്ട്. തൊഴിൽ വിസ സംഘടിപ്പിച്ചു ഗൾഫിൽ സ്ഥിരതാമസമാക്കിയവർ പോലുമുണ്ട്. ഗൾഫിൽ പുതിയൊരു സഭ സ്ഥാപിക്കാൻ ദൈവാത്മാവു പറഞ്ഞു എന്ന് അവകാശപ്പെടുന്ന ഒരു വിദ്വാനെക്കുറിച്ചും ഈയിടെ കേട്ടു. ഇത്ര കഠിനമായ ദ്രവ്യാഗ്രഹം ജാതികളുടെ ഇടയിൽപ്പോലുമില്ല.

പ്രവചനം, രോഗശാന്തി എന്നിവയ്ക്കു വിദേശ രാജ്യങ്ങളിൽ നല്ല മാർക്കറ്റാണ്. ഇതു തിരിച്ചറിഞ്ഞു പല വിരുതൻമാരും പ്രവാചകൻമാരായും രോഗശാന്തിക്കാരായും വേഷം കെട്ടുന്നു. അമേരിക്കയിലെത്തിയതോടെ ദേവസ്യ മുല്ലക്കര പ്രവാചകനായതുതന്നെ നല്ല ഉദാഹരണം. വെറും പ്രവചനമല്ല പ്രൊഫറ്റിക്കൽ കൗൺസിലിംഗ് എന്നൊരു വിചിത്ര പരിപാടിയാണ് ഇയാൾ ഇപ്പോൾ നടത്തുന്നത്. കൗൺസിലിംഗിൽ ഡോക്ടറേറ്റ് എടുത്തവർ പോലും ഇത്തരത്തിലുള്ള കൗൺസിലിംഗിനെക്കുറിച്ചു കേട്ടിട്ടുണ്ടാകില്ല. ഇന്റർനെറ്റിൽ പരതിയിട്ടും പ്രൊഫറ്റിക്കൽ കൗൺസിലിംഗ് എന്നൊരു പരിപാടി കണ്ടെത്താൻ കഴിഞ്ഞുമില്ല. പക്ഷേ കൗൺസിലിംഗിന്റെ ആദ്യാക്ഷരങ്ങൾ പോലും പഠിച്ചിട്ടില്ലാത്ത ദേവസ്യ മുല്ലക്കര പ്രൊഫറ്റിക്കൽ കൗൺസിലിംഗ് പൊടിപൂരമായി നടത്തുന്നു. ആരും എതിർക്കുന്നില്ല.

പെന്തക്കോസ്ത് സംഘടനകളുടെ നേതൃസ്ഥാനത്തുള്ളവരാണ് ഏറ്റവും വലിയ ദ്രവ്യാഗ്രഹികൾ. അങ്ങനെയിരിക്കെ അവർക്കു മറ്റുള്ളവരെ ചോദ്യം ചെയ്യാൻ കഴിയുന്നതല്ല. പാസ്റ്റർമാർ അഭിഷിക്തൻമാരാണെന്നും അവരെ ചോദ്യം ചെയ്താൽ നരകത്തിൽ പോകുമെന്നും ധരിച്ചുവച്ചിരിക്കുന്ന വിശ്വാസികൾ ഈ ദ്രവ്യാഗ്രഹികൾക്കെതിരെ പ്രതികരിക്കാൻ ധൈര്യം കാണിക്കുന്നുമില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്. എത്രയും വേഗം ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാകേണ്ടതാണ്.

# സത്യം സത്യമായി

ഐക്യ ജനാധിപത്യ മുന്നണിയിൽ ഇത്രത്തോളം ഐക്യമുണ്ടായിട്ടുള്ള കാലം വെറെയില്ല. മാണിയുടെ വിഷയത്തിൽ മാത്രമാണ് ഐക്യമുള്ളതെങ്കിലും ഐക്യം ഐക്യമല്ലാതാകുകയില്ലല്ലോ. കെ.എം.മാണിക്കു കൂടുതൽ സീറ്റുകൾ കൊടുക്കാൻ പറ്റില്ല എന്ന കാര്യത്തിലാണ് ഐക്യം ഉണ്ടായിരിക്കുന്നത്. ജോസഫ് ഗ്രൂപ്പുകൂടി മാണി ഗ്രൂപ്പിൽ ലയിച്ചതോടെ മാണിയുടെ ശക്തി ഇരട്ടിയോളമായി എന്നതു സത്യം തന്നെ. പക്ഷേ ഈ സത്യം അംഗീകരിച്ചാൽ മാണിക്കു കൂടുതൽ സീറ്റുകൾ കൊടുക്കേണ്ടതായി വരും. അതുകൊണ്ട് പാർട്ടികളുടെ ശക്തി എത്രത്തോളമുണ്ട് എന്നതല്ല സീറ്റു വിഭജനത്തിന്റെ മാനദണ്ഡം എന്നു പ്രഖ്യാപിച്ചിരിക്കയാണ്. കൂടുതൽ സീറ്റു കിട്ടിയില്ലെങ്കിൽ മാണിസാർ എന്തു ചെയ്യുമെന്നു വ്യക്തമല്ല.

ഗൗരിയമ്മയുടെ പാർട്ടിയും സീറ്റു വിഷയത്തിൽ തൃപ്തരല്ല. കൂടുതൽ സീറ്റുകൾ വേണമെന്നതല്ല മറിച്ച് കിട്ടുന്ന സീറ്റുകളിൽ യു.ഡി.എഫിലുള്ള പാർട്ടികളുടെ റിബലുകൾ ഉണ്ടാകരുത് എന്ന കാര്യത്തിലാണ് ഇവർക്കു നിർബ്ബന്ധം. സംഗതി ന്യായമാണെന്നു പറയാതെവയ്യ. സീറ്റു കൊടുത്തിട്ടു റിബലുകളെ നിർത്തിയാൽ പ്രശ്നമാകുമല്ലോ. എങ്കിലും ഗൗരിയമ്മയ്ക്കും പ്രതിഷേധിക്കുകയല്ലേ പോംവഴിയുള്ളൂ. വെളിയത്തിന്റെ ക്ഷണമുണ്ടെങ്കിലും അതു സ്വീകരിക്കുന്നത് ആത്മഹത്യാപരമാണ്.

എൽ.ഡി.എഫിന്റെ സീറ്റുവിഭജനവും അത്ര എളുപ്പമാകില്ല. ജോസഫ് ഗ്രൂപ്പിനു കൊടുത്തിരുന്ന സീറ്റുകളെല്ലാം പി.സി. തോമസ് വിഭാഗത്തിനു കൊടുക്കാൻ പറ്റുമോ? സി.പി.ഐ., ആർ.എസ്.പി തുടങ്ങിയ പാർട്ടികളെ തൃപ്തിപ്പെടുത്തുന്നതും .അത്ര എളുപ്പമല്ല.

ലോട്ടറി പ്രശ്നം കീറാമുട്ടിയായി തുടരുകയാണ്. കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ടു തുപ്പാനും വയ്യ എന്നതാണു സ്ഥിതി. പരസ്യം വകയിൽ നല്ല വരുമാനം കിട്ടിക്കൊണ്ടിരുന്നത് സ്വാഹ ആയി. കിമ്പളക്കാര്യവും മേല്പടിയാകുമെന്നു തീർച്ച. പഴയ കഥകളൊക്കെ ചികഞ്ഞെടുക്കുമോ എന്നതാണ് ഇനിയുള്ള സംശയം.

പതിനഞ്ചു വയസ്സുള്ളവർ പോലും ചില സ്ഥലങ്ങളിലെ വോട്ടർ പട്ടികയിലുണ്ടത്രേ. ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ. പക്ഷേ ഇവർ ആർക്കൊക്കെ വോട്ടു ചെയ്യുമെന്നു നിശ്ചയമില്ല. അതുകൊണ്ടാകാം ചിലർ എതിർപ്പുമായി രംഗത്തെത്തിയത്. ഏതായാലും ഇവരുടെ പേരു വെട്ടുമെന്നു തീർച്ച.

കൈവെട്ടുകേസ്സ് പുതിയ വഴിത്തിരിവിൽ എത്തിയിരിക്കയാണ്. ശത്രുക്കൾ കൈ വെട്ടിയപ്പോൾ മിത്രങ്ങൾ പേരു വെട്ടി. രാജാവിനേക്കാൾ കൂടിയ രാജഭക്തി എന്നല്ലാതെ എന്തു പറയാൻ. പക്ഷേ സംഗതി വിവാദമായതോടെ മിത്രങ്ങൾ നിലപാടു മാറ്റി. മുസ്ലീങ്ങൾ പറഞ്ഞാൽ അധ്യാപകനെ തിരിച്ചെടുക്കുമത്രേ. പക്ഷേ മുസ്ലീങ്ങൾ മിണ്ടിയില്ല. അങ്ങനെയെങ്കിൽ യൂണിവേഴ്സിറ്റി പറയട്ടെ എന്നായി. യൂണിവേഴ്സിറ്റി പറയുമെന്നായപ്പോൾ ഔദ്യോഗികമായി പറയണം എന്നു തിരുത്തി. അതിനിടയിൽ മന്ത്രിയുടെ പ്രസ്താവന വന്നു. അങ്ങനെയെങ്കിൽ മന്ത്രി ഔദ്യോഗികമായി പറയട്ടെ എന്നു ശഠിച്ചു. കോടതി പറയട്ടെ എന്ന് ഇടയ്ക്കു പറയുകയും ചെയ്തു. ഇമ്മിണി വലിയ ആരെങ്കിലും പറഞ്ഞാൽ അധ്യാപകനെ തിരിച്ചെടുത്തേക്കാം എന്നു പറയാതെ പറയുകയാണ് മാനേജ്മെന്റ്. വെറുതെ അങ്ങു തിരിച്ചെടുത്താൽ നാണക്കേടാകില്ലേ.

എന്തിനായിരുന്നു ഈ പുറത്താക്കൽ നാടകം? “ഞങ്ങൾ എത്ര നിഷ്പക്ഷർ, മതേതര വാദികൾ, പരമ പുണ്യാളൻമാർ. കൈയ്യും കാലുമൊക്കെ വെട്ടുമ്പോൾ ഞങ്ങളെ ഒഴിവാക്കണം, പ്ലീസ്.” ഇതാണ് കുപ്പായക്കാർ പറയാതെ പറയുന്നത്. പക്ഷേ ഈ തന്ത്രം ഫലിച്ചില്ലെന്നു മാത്രമല്ല വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള സ്ഥിതി വിശേഷം ഉണ്ടാകുകയുംചെയ്തു.

ചതിയിൽ വഞ്ചന പാടില്ല എന്നതു ലോകം അംഗീകരിച്ച സിദ്ധാന്തമാണ്. പക്ഷേ കള്ളിൽ സ്പിരിറ്റും നവസാരവും മറ്റും ഇട്ടു വീര്യം കൂട്ടുക എന്ന ചതിപ്രയോഗം നടത്തുന്നതിനിടയ്ക്കു ചിലർ ദ്രവ്യനെ വഞ്ചിച്ചു. അവർ സ്പിരിറ്റിൽ മായം ചേർത്തു നൽകി. അങ്ങനെ വിഷമദ്യ ദുരന്തമുണ്ടായി. ദ്രവ്യൻ തെറ്റുകാരനാണെന്നു പറയാൻ പറ്റുമോ? നല്ല ഒന്നാംതരം വ്യാജക്കള്ള് എന്ന നിലയ്ക്കാണു ദ്രവ്യൻ ഈ വിഷക്കള്ളു വിറ്റത്. അതിൽ വിഷമുണ്ടെന്നു പാവം ദ്രവ്യൻ അറിഞ്ഞിരുന്നില്ല. ഏതായാലും ഈ സംഭവത്തോടെ മലയാള ഭാഷയിൽ ഒരു പദം കൂടി ഉണ്ടായി. അല്പം കൂടി കൃത്യമായി പറഞ്ഞാൽ, നിലവിലുള്ള ഒരു വാക്കിന് പുതിയ ഒരു അർത്ഥം കൂടി ലഭിച്ചു. ഇനി ഇറങ്ങുന്ന ഡിക്ഷ്ണറികളിൽ ‘ദ്രവ്യൻ’ എന്ന വാക്കിനു ‘വ്യാജക്കള്ള്, മായം ചേർത്ത കള്ള്, വിഷമദ്യം’ എന്നൊക്കെക്കൂടി അർത്ഥം കൊടുക്കുമെന്നു കരുതാം.

ജാതി തിരിച്ചുള്ള സെൻസസ്സ് വരുന്നു. നല്ലത്, വരട്ടെ. പക്ഷേ ഒരു സംശയം: പെന്തക്കോസ്ത് എന്നൊരു ജാതി സെൻസസ്സിൽ ഉണ്ടാകുമോ? ഇല്ലെങ്കിൽ പെന്തക്കോസ്തുകാരെ ഏതു ജാതിയിൽ ഉൾപ്പെടുത്തും? രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള ജാതി മതിയാകുമോ?

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

1തിമോ.6:7-10. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്നു യാതൊന്നും കൊണ്ടു പോകുവാൻ കഴിയുന്നതുമല്ല. ഉണ്ണുവാനും ഉടുക്കുവാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്കുക. ധനികൻമാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9645077483**

# കോട്ടൂർ സിനിമയിൽ



പാടിപ്പാടി സാംസൺ കോട്ടൂർ പാട്ടിലായി. ട്രാഫിക് എന്ന സിനിമയ്ക്കു സാംസൺ കോട്ടൂർ സംഗീതം നൽകും. (ഗ്ലോറി). സാത്താനെ ഓടിക്കാൻ ഭക്തിഗാന കാസറ്റിൽ അന്യഭാഷ തല തിരിച്ചു റിക്കാഡ് ചെയ്ത വിദ്വാനാണ് സാംസൺ. നസീല ബീവിക്ക് ഓശാന പാടാനും സാംസൺ മുമ്പിലുണ്ടായിരുന്നു. ഒടുവിൽ നസീല തട്ടിപ്പുകാരിയാണെന്നു സാംസൺ തന്നെ പറഞ്ഞു. ഇപ്പോഴിതാ സാംസൺ സിനിമയ്ക്കു സംഗീതം നൽകുന്നു. (പഷ്ട്!)

സാംസൺ കോട്ടൂരിന്റെ വ്യക്തിസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. എങ്കിലും സുവിശേഷ പ്രവർത്തകൻ, ആത്മീയ ഗായകൻ തുടങ്ങിയ നിലകളിൽ അറിയപ്പെടുന്ന സാംസൺ സിനിമാഗാനത്തിനു സംഗീതം നൽകുന്നതിന്റെ ഔചിത്യം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

# പുത്രൻ ഇപ്പോൾ ഏതു സഭയിലാണ്?



ജോൺ ശാമുവൽ

ടി.ജെ.ശാമുവലിന്റെ പുത്രനായ ജോൺ ശാമുവൽ ഇപ്പോൾ ഏതു സഭയിലാണ്? ഇങ്ങനെയൊരു സംശയം തോന്നാൻ കാരണമുണ്ട്.

ടി.ജെ.ശാമുവലിന്റെ അമേരിക്കൻ പര്യടനത്തിന്റെ ഭാഗമായി ഫിലഡൽഫിയായിൽ മൂന്നു ദിവസത്തെ യോഗം സംഘടിപ്പിച്ചിരുന്നു. വളരെ കുറച്ച് ആളുകൾ മാത്രമേ ഈ യോഗത്തിൽ സംബന്ധിച്ചുള്ളൂ. 2010 ജൂൺ 17, 18, 19 തീയതികളിലായിരുന്നു യോഗം. പുത്രനായ ജോൺ ശാമുവലായിരുന്നു സംഘാടകൻ. ഇത്രയും കാര്യങ്ങൾ ഓക്കേ.

എവിടെവച്ചാണു യോഗം നടന്നത്? ഈ യോഗത്തിന്റെ നോട്ടീസിൽ അതു പറയുന്നുണ്ട്. (http://www.tsbalan.com/tjs.pdf) ഒരു നോട്ടീസിൽ പറയുന്നത് ഈ യോഗം ട്രിനിറ്റി അസംബ്ലീസ് ഓഫ് ഗോഡ് സംഘടിപ്പിക്കുന്നു എന്നാണ്. പക്ഷേ മറ്റൊരു നോട്ടീസിൽ ഹാർവെസ്റ്റ് ഇന്റർനാഷണൽ ചർച്ച് ആണു യോഗം സംഘടിപ്പിക്കുന്നതെന്നു കാണുന്നു. രണ്ടു സഭയുടേയും വിലാസം 4800 Longshore Ave, Philadelphia, PA 19135 എന്നാണ്. രണ്ടു സഭകളുടേയും പാസ്റ്റർ ജോൺ ശാമുവൽ തന്നെ. ആകെ മൊത്തം ടോട്ടൽ കൺഫ്യൂഷൻ. സത്യത്തിൽ പുത്രൻ ഏതു സഭയുടെ പാസ്റ്ററാണ്? ദയവായി കൺഫ്യൂഷൻ തീർക്കണം.




# സുജിത്തിന്റെ പേരു വെട്ടി

വിശുദ്ധ സുജിത്ത് ഔട്ട്. ഈ മാസം 7ന് ചിങ്ങവനത്തു നടന്ന വർക്കേഴ്സ് മീറ്റിംഗിൽ പാസ്റ്റർ വി.എ.തമ്പി സുജിത്തിന്റെ പേരു വെട്ടിയ വിവരം പ്രഖ്യാപിക്കയാണുണ്ടായത്. 'വിഷയം' തന്നെ വിഷയം.

വളരെക്കാലമായി സുജിത്ത് തുടർന്നുവന്ന കലാപരിപാടി അടുത്ത കാലത്തു തൊണ്ടിസഹിതം പിടിച്ചു. പൊതുജനത്തിന്റെ വഹ കൈവയ്പ്പും കിട്ടി. വാർത്ത ഡിഫെൻഡറിൽ വരുകയും ചെയ്തു. സുജിത്തിനെ പുറത്താക്കുകയല്ലാതെ വേറെ വഴിയില്ല എന്ന സ്ഥിതിയുണ്ടായി. അങ്ങനെയാണ് സഭാനേതൃത്വം നടപടിയെടുത്തത്.

സുജിത്തിനെ സ്വീകരിക്കാൻ തയ്യാറാണെന്ന് റാന്നിയിലെ രാജകുമാരൻ അറിയിച്ചെങ്കിലും സഭാനേതൃത്വത്തിനു മറ്റു ചില പദ്ധതികളാണുള്ളത്. വല്യ തിരുമേനിയുടെ രഹസ്യങ്ങൾ നന്നായറിയാവുന്ന സുജിത്തിനെ പുറത്തേക്കു വിട്ടാൽ സകല സീക്രട്സും പുറത്താകും. അതുകൊണ്ട് കക്ഷിയെ വടക്കേ ഇന്ത്യയ്ക്കു വിടാനാണ് തീരുമാനം.

# നീലക്കുറുക്കൻ ആസ്ട്രേലിയയിൽ

നീലക്കുറുക്കൻ ആസ്ട്രേലിയൻ പര്യടനത്തിനുള്ള തയ്യാറെടുപ്പിലാണോ? തിരുവല്ലയിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ അതാണു സൂചിപ്പിക്കുന്നത്. അമേരിക്ക, യു.കെ., ഗൾഫ് രാജ്യങ്ങൾ തുടങ്ങിയവ കുറുക്കനെ ഇത്തവണ അവഗണിച്ചു. ഒരു പ്രോഗ്രാം പോലും കുറുക്കനു ലഭിച്ചില്ല. ഇങ്ങനെ പോയാൽ കാര്യങ്ങൾ കുഴയും. എന്താണു വഴി? തല പുകച്ചപ്പോൾ ഒരു മാർഗ്ഗം കണ്ടെത്തി. അടുത്ത കാലത്ത് ആസ്ട്രേലിയയിൽ കുറെ മലയാളി പെന്തക്കോസ്ത് സഭകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ വളരെ കുറച്ച് സഭകളിൽ മാത്രമേ ഓർഡേയ്ൻഡ് പാസ്റ്റർമാരുള്ളൂ. ഒരു ആസ്ട്രേലിയൻ പര്യടനം നടത്തിയാൽ കുറച്ചുപേർക്ക് ഓർഡിനേഷൻ കൊടുക്കാം. ആ വകയിൽ നല്ലൊരു തുക സമ്പാദിക്കാൻ കഴിയും. കൂടാതെ കുറെ സഭകളിൽ പ്രസംഗിക്കാം. അങ്ങനെയും പണം ലഭിക്കും. ഈ വാർത്തകളൊക്കെ പെന്തക്കോസ്ത് പത്രങ്ങളിൽ വരുമ്പോഴുണ്ടാകുന്ന പ്രശസ്തി എക്സ്ട്രാ. അങ്ങനെ കുറുക്കൻ ആസ്ട്രേലിയൻ പര്യടനത്തിനു തയ്യാറെടുക്കുകയാണ്. പക്ഷേ കുറുക്കനിൽ നിന്ന് ഓർഡിനേഷൻ വാങ്ങുന്നവരെയും കുറുക്കനു കഞ്ഞി വയ്ക്കുന്നവരെയും ഡിഫെൻഡർ പിടികൂടുമെന്ന് അറിഞ്ഞിരിക്കണം.

# യാത്ര ഫലിച്ചു

ടി.ജെ.ശാമുവലിന്റെ യാത്ര ഫലം കണ്ടു. അമേരിക്കയ്ക്ക് വിശേഷിച്ച് ഗുണമൊന്നും ഉണ്ടായില്ലെങ്കിലും ടി.ജെ.ശാമുവലിന്റെ മകന് ഒരു സഭയുണ്ടായി. അല്പം കൂടി വ്യക്തമായി പറഞ്ഞാൽ ഒരു സഭ പിളർത്തി പുതിയൊരു സഭ ഉണ്ടാക്കാൻ പ്രിയ പുത്രനു കഴിഞ്ഞു. ആരാധനയും മറ്റും ഇംഗ്ലീഷിലായതുകൊണ്ട് സാധാരണക്കാരായ പാസ്റ്റർമാരുടെയൊന്നും ശല്യം ഉണ്ടാകുകയില്ലെന്നൊരു ഗുണവുമുണ്ട്.

# ഇവർ ഗതികേടിൽ





ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്ന പരുവത്തിലാണ് അവറാനും മുല്ലക്കരയും. അമേരിക്കൻ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു, പ്രോഗ്രാം കിട്ടുന്നുമില്ല. അവറാനാണെങ്കിൽ ഭാര്യയോടൊപ്പമാണ് ഇറങ്ങിയിരിക്കുന്നത്. താമസിക്കാൻ സ്ഥലം കിട്ടാൻ പോലും ബുദ്ധിമുട്ട്.

മഹാത്യാഗിയായ ജോൺസൺ ദാനിയേലിന്റെ കൃപകൊണ്ട് ഡാളസ്സിൽ മൂന്നു ദിവസം പ്രസംഗിച്ചു. പക്ഷേ ഡാളസ്സിലുള്ള ഒരു സഭയിലും പ്രോഗ്രാം കിട്ടിയില്ല. സഭായോഗത്തിനു സംബന്ധിക്കാനെങ്കിലും അനുവാദം കിട്ടാനായി നിരവധി സഭകളിൽ വിളിച്ചെങ്കിലും ഫലമുണ്ടായില്ല. ജോൺസണും പാടുപെട്ടു. ഒടുവിൽ ഇരുവരും ഹൂസ്റ്റണിലേക്കു മടങ്ങി. ഇപ്പോൾ അവറാൻ എവിടെ? പതാ നഹി.

വലിയ പ്രതീക്ഷകളോടെയാണു മുല്ലക്കര അമേരിക്കയിലെത്തിയത്. പക്ഷേ തിരിഞ്ഞു നോക്കാൻ ആളുണ്ടായില്ല. അറിയപ്പെടുന്ന ഒരു പെന്തക്കോസ്ത് സഭയും മുല്ലക്കരയെ ക്ഷണിച്ചുമില്ല. പ്രവാചകനാണെന്നു പറഞ്ഞു നോക്കിയിട്ടും ഫലമുണ്ടായില്ല. അങ്ങനെ അവറാനും മുല്ലക്കരയും തുല്യ ദു:ഖിതരായി കഴിയുകയാണ്.

# മുല്ലക്കരയുടെ പരസ്യം ക്രൈസ്തവചിന്തയിൽ

ദേവസ്യ മുല്ലക്കരയ്ക്കെതിരെ ശക്തമായി പ്രതികരിച്ച പത്രമാണു ക്രൈസ്തവചിന്ത. പക്ഷേ മുല്ലക്കരയുടെ പരസ്യം പ്രസിദ്ധീകരിച്ചുകൊണ്ട് ക്രൈസ്തവചിന്ത ഇരട്ടത്താപ്പിന്റെ ആൾരൂപമായിരിക്കുന്നു. ക്രൈസ്തവചിന്തയുടെ സെപ്റ്റംബർ ലക്കത്തിൽ മുല്ലക്കരയുടെ അരപ്പേജ് പരസ്യമാണു പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മുല്ലക്കരയുടെ സ്നാനം ഉൾപ്പെടെയുള്ള വിവാദ വിഷയങ്ങൾ ക്രൈസ്തവചിന്തയിൽ വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. "ദേവസ്യ മുല്ലക്കര വിശ്വാസസ്നാനമേറ്റോ?", "മുല്ലക്കരയ്ക്കു മിണ്ടാട്ടമില്ല, ദുരൂഹത ബാക്കി", "മുല്ലക്കര പറഞ്ഞതു പച്ചക്കള്ളം" എന്നിങ്ങനെ പോകുന്നു മുല്ലക്കരയ്ക്കെതിരെ ക്രൈസ്തവചിന്തയിൽ വന്ന ലേഖനങ്ങളുടെ തലക്കെട്ടുകൾ. പക്ഷേ അരപ്പേജു വലിപ്പത്തിലുള്ള പരസ്യം കിട്ടിയപ്പോൾ ക്രൈസ്തവചിന്തയുടെ കണ്ണു മഞ്ഞളിച്ചു. സ്നാനപ്രശ്നവും ദുരൂഹതയും പച്ചക്കള്ളവും മറന്നു. മുല്ലക്കരയുടെ പരസ്യം പ്രസിദ്ധീകരിക്കയും ചെയ്തു.



# നിയോഗം വ്യക്തികൾക്കോ സംഘടനകൾക്കോ?

ആത്മീയ സംഘടനകൾ അനുദിനം പെരുകിക്കൊണ്ടിരിക്കുന്ന കാലമാണിത്. സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സംഘടനകളാണ് ഇവയിൽ ഒരിനം. കത്തോലിക്കാസഭ, യാക്കോബായ സഭ, ഓർത്തഡോക്സ് സഭ, മാർതോമ്മാ സഭ തുടങ്ങിയ സമുദായങ്ങൾ ഇത്തരത്തിലുള്ള സംഘടനകളാണ്. പെന്തക്കോസ്ത് സംഘടനകളായ ഐ.പി.സി, ശാരോൻ, എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയവയും ഈ ഗ്രൂപ്പിലുള്ളവ തന്നെ. ഇവയെല്ലാം സഭകളായാണു പരിഗണിക്കപ്പെടുന്നത്. പക്ഷേ വിശ്വാസി, പ്രാദേശിക സഭകൾ, ആകമാന സഭ എന്നിവയ്ക്കു മാത്രമേ ദൈവവചനത്തിൽ അടിസ്ഥാനമുള്ളൂ. മറ്റുള്ളവയെല്ലാം മാനുഷികമോ സാത്താന്യമോ ആണ്.

സഭകൾ എന്ന പേരിൽ അറിയപ്പെടാത്ത ആത്മീയ സംഘടനകളുമുണ്ട്. ഗോസ്പൽ ടീം, സംഗീത ട്രൂപ്പ്, മിഷനറി പ്രസ്ഥാനം തുടങ്ങിയവയൊക്കെ ഈ ഗ്രൂപ്പിൽ വരുന്നു. ഇത്തരം പ്രസ്ഥാനങ്ങൾ പിന്നീടു സഭകളായി രൂപം മാറിയിട്ടുമുണ്ട്. ഇവയും ദൈവീക പദ്ധതിയിലുള്ളവയല്ല, വചനത്തിൽ അടിസ്ഥാനവുമില്ല.

മറ്റൊരു സുപ്രധാന വസ്തുത വ്യക്തമാക്കാനാണ് മുഖവുരയായി ഇത്രയും പറഞ്ഞത്. ദൈവീക പദ്ധതിയിലില്ലാത്ത ഈ സംഘടനകളെയൊന്നും ദൈവം ഒരു വിധത്തിലുള്ള ദൗത്യവും ഏല്പിച്ചിട്ടില്ല. ദൈവവേലയ്ക്ക് ഇവയൊന്നും ആവശ്യവുമില്ല.

കർത്താവിന്റെ കല്പന ശ്രദ്ധിക്കുക: ''ആകയാൽ നിങ്ങൾ പുറപ്പെട്ട്; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചു കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു.'' മത്താ. 28:19, 20. തന്റെ ശിഷ്യൻമാരോടാണ് കർത്താവ് ഇങ്ങനെ പറയുന്നത്. അവർ ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങളാണിവ. ഏതെങ്കിലും സംഘടനയെയല്ല വ്യക്തികളെയാണ് കർത്താവു ദൗത്യം ഏല്പിക്കുന്നത്.

സുവിശേഷീകരണം സഭയുടെ ദൗത്യമാണെന്നും അതുകൊണ്ട് സംഘടനകൾക്ക് ഇതിൽ പ്രമുഖ സ്ഥാനമാണുള്ളത് എന്നും വാദിക്കുന്നവരുണ്ട്. വിശ്വാസികളുടെ പ്രാദേശിക കൂട്ടായ്മയായ പ്രാദേശികസഭ, എല്ലാ വിശ്വാസികളും അടങ്ങുന്ന ആകമാനസഭ എന്നിവ ദൈവീക പദ്ധതിയിലുള്ളതാണെന്നു പ്രാരംഭത്തിൽ തന്നെ പറഞ്ഞു കഴിഞ്ഞു. പ്രാദേശിക സഭയേയും ആകമാന സഭയേയും കർത്താവു ദൗത്യം ഏല്പിച്ചിട്ടുണ്ട് എന്നതിനു തർക്കമില്ല. പക്ഷേ സഭകൾ എന്ന പേരിൽ അറിയപ്പെടുന്ന സംഘടനകളോ ഇതര ഗ്രൂപ്പുകളോ സഭകളല്ല. ഇവയൊന്നും ദൈവീക പദ്ധതിയിൽ ഉള്ളവയുമല്ല. അതുകൊണ്ട് ഇത്തരം സംഘടനകൾ സുവിശേഷീകരണത്തിനോ ഇതര ആത്മീയ ശുശ്രൂഷകൾക്കോ ആവശ്യമില്ല.

ദൈവമാണ് തങ്ങളുടെ സംഘടന സ്ഥാപിച്ചതെന്നും വളർത്തുന്നതെന്നും റ്റി.പി.എം. വിശ്വസിക്കുന്നു. തങ്ങളുടെ സംഘടനയ്ക്കു പുറത്ത് രക്ഷയില്ലെന്നു വരെ അവർ വിശ്വസിക്കുന്നു. ഐ.പി.സി സ്ഥാപിച്ചതും ഐ.പി.സിയെ വളർത്തുന്നതും ദൈവമാണെന്നു വിശ്വസിക്കുന്ന വിഡ്ഢികൾ ഏറെയുണ്ട്. ഇതര സംഘടനകളിലെ അംഗങ്ങളും ഈ വിധത്തിൽ വിശ്വസിക്കാറുണ്ട്. സംഘടനയ്ക്കെതിരെ കേസ്സ് കൊടുത്താൽ സഭയ്ക്കെതിരെ കേസ്സ് കൊടുത്തു എന്നാണു പ്രചരിപ്പിക്കുക. ഈ സംഘടനകൾക്കു ദോഷം വരുന്ന വിധത്തിൽ പ്രവർത്തിച്ചാൽ ദൈവം ശിക്ഷിക്കുമെന്നുവരെ ജനം വിശ്വസിക്കുന്നു.

സംഘടനകൾളുടെ പ്രവർത്തനങ്ങൾക്കു പണം ആവശ്യപ്പെടുന്നവർ ദൈവനാമത്തിലാണു പണം ചോദിക്കുന്നത്. പണം കൊടുക്കുന്നവർ ദൈവവേലയ്ക്കു പണം നൽകി എന്നു കരുതുകയും ചെയ്യുന്നു. ഈ പണത്തിന്റെ ഒരംശം ദൈവദാസൻമാരുടെ കൈകളിൽ എത്തുന്നുണ്ടാകാം. പക്ഷേ ബാക്കിയുള്ളതു പാഴായിപ്പോകുകയാണു ചെയ്യുന്നത്. അതുകൊണ്ട് സംഘടനകൾക്കു പണം നൽകുന്നത് ദൈവമക്കൾ ഒഴിവാക്കണം. ദൈവവേല ചെയ്യുന്ന യഥാർത്ഥ ദൈവദാസൻമാരെ കണ്ടെത്തി സഹായിക്കണം. ആവശ്യത്തിൽ അധികം നൽകാതിരിക്കാനും ശ്രദ്ധിക്കണം. ഗ്രാമപ്രദേശങ്ങളിൽ ദൈവവേല ചെയ്യുന്നവർക്കു മുൻഗണന കൊടുക്കണം. വലിയവരെ ഒഴിവാക്കണം.

ദൈവജനം ഈ വിഷയത്തിൽ വളരെയധികം തെറ്റിദ്ധാരണകൾ വച്ചുപുലർത്തുന്നുണ്ട്. അവയൊക്കെ ഒഴിവാക്കാൻ അത്ര എളുപ്പമല്ലെന്നറിയാം. എങ്കിലും അസാദ്ധ്യമല്ല. സത്യം മനസ്സിലാക്കിയാൽ തെറ്റു തിരുത്താൻ മിക്കവരും തയ്യാറാകും.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്.

1. വിശ്വാസി, ലോക്കൽ സഭ, ആകമാനസഭ എന്നിവ മാത്രമേ ദൈവീക പദ്ധതിയിലുള്ളൂ.
2. സംഘടനകൾ ദൈവീകമല്ല.
3. വ്യക്തികളെയും പ്രാദേശിക സഭകളെയും ആകമാനസഭയെയുമാണ് കർത്താവു ദൗത്യം ഏല്പിച്ചിരിക്കുന്നത്.
4. ഒരു സംഘടനയെയും കർത്താവു സുവിശേഷവേല ഏല്പിച്ചിട്ടില്ല. സുവിശേഷമറിയിക്കാൻ സംഘടനകൾക്കു കഴിയുന്നതല്ല.
5. ദൈവനാമത്തിൽ പണം നൽകുന്നവർ സംഘടനകൾക്കു പണം നൽകരുത്.
6. ദൈവവേല ചെയ്യുന്ന ദൈവദാസൻമാർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ പണം നൽകണം. പണക്കാരെ കൂടുതൽ പണക്കാരാക്കരുത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഞങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ആലയത്തിന്റെ കല്ലിടൽ ശുശ്രൂഷ ഞായറാഴ്ച സഭായോഗം കഴിഞ്ഞ് നടത്താൻ ഞങ്ങൾ പദ്ധതിയിട്ടിരുന്നു. എന്നാൽ ഞായറാഴ്ച ഒരു ജോലിയും ചെയ്യാൻ പാടില്ല എന്നു പറഞ്ഞ് പാസ്റ്റർ ഈ ശുശ്രൂഷ തിങ്കളാഴ്ചത്തേക്കു മാറ്റി. ഇതു ശരിയായ നടപടിയാണോ?

■ ഈ പ്രശ്നത്തിൽ വചനവിരുദ്ധമായ മൂന്നു കാര്യങ്ങളാണുള്ളത്. അവ മൂന്നും തിരുവചന വെളിച്ചത്തിൽ പഠിക്കാം:

1. ആലയം ഉണ്ടാക്കൽ.

സമുദായക്കാർ പളളി എന്നോ ദേവാലയം എന്നോ വിളിക്കുന്ന കെട്ടിടത്തെ പെന്തക്കോസ്തുകാർ 'ആലയം' എന്നു വിളിക്കാറുണ്ട്. 'ആലയം പ്രതിഷ്ഠിച്ചു' എന്നു ചില പെന്തക്കോസ്ത് പത്രങ്ങളിൽ വാർത്ത കാണാറുമുണ്ട്. പക്ഷേ ഇതൊന്നും വചനാനുസൃതമായ നടപടിയല്ല. കാരണം, ഇന്നു ഭൂമിയിലുള്ള ഒരു കെട്ടിടവും ദൈവാലയമല്ല. ദൈവമക്കളെയും ദൈവസഭയെയും ദൈവാലയം എന്ന് ആത്മീയ അർത്ഥത്തിൽ വിളിച്ചിട്ടുണ്ടെന്നല്ലാതെ ഏതെങ്കിലും കെട്ടിടത്തെ ദൈവാലയം എന്നു വിളിക്കുന്ന രീതി പുതിയനിയമ സഭയിലില്ല. അതുകൊണ്ട് പളളി എന്നോ ദൈവാലയം എന്നോ ഒരു കെട്ടിടത്തെയും വിളിക്കരുത്. 'ആലയം' എന്ന വാക്കിനു വീട് എന്നു മാത്രമേ അർത്ഥമുള്ളൂ. പക്ഷേ ആലയം എന്നു നാം പറയുന്നത് 'ദൈവാലയം' എന്നതിന്റെ ചുരുക്കപ്പേരെന്ന നിലയ്ക്കാണ്. അതുകൊണ്ട് ഈ വാക്കും ഒഴിവാക്കണം. സഭാഹാൾ എന്നോ അതിനു സമാനമായ അർത്ഥം വരുന്ന മറ്റേതെങ്കിലും പേരോ ഉപയോഗിക്കുകയാണ് അഭികാമ്യം.

2. കല്ലിടൽ ശുശ്രൂഷ.

എന്തിനെയും ഏതിനെയും 'ശുശ്രൂഷ' എന്നു വിളിക്കുന്ന രീതിയാണു പെന്തക്കോസ്തിലുള്ളത്. അത്തരത്തിലുള്ള ഒരു ശുശ്രൂഷയാണു കല്ലിടൽ ശുശ്രൂഷ. കൺവൻഷൻ നടത്താൻ പന്തലിടുന്നത് കാലുനാട്ടൽ ശുശ്രൂഷയോടെയാണ്.

സഭാഹാളിന്റെ പണി പ്രാർത്ഥിച്ച് ആരംഭിക്കുന്നതു തെറ്റല്ല. എല്ലാ വിശ്വാസികളും ചേർന്നു പ്രാർത്ഥിക്കുകയും പൊതുസഭയെ പ്രതിനിധീകരിച്ചു പാസ്റ്ററോ യോഗ്യനായ മറ്റാരെങ്കിലുമോ ശബ്ദമുയർത്തി പ്രാർത്ഥിക്കുകയും ചെയ്യണം. പക്ഷേ ഇത് ഒരു ശുശ്രൂഷയാക്കരുത്. മാത്രമല്ല ആദ്യത്തെ കല്ല് പാസ്റ്റർ ഇടേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല. എല്ലാവരും ചേർന്നു പ്രാർത്ഥിച്ച ശേഷം മേസ്തരി പണി തുടങ്ങിയാൽ മതി. സഭാനേതാവിനെയോ സെന്റർ പാസ്റ്ററെയോ വിളിച്ചു കല്ലിടൽ ശുശ്രൂഷ നടത്തുന്ന പരിപാടി ഒഴിവാക്കണമെന്നതിനു സംശയമില്ല.

3. ഞായറാഴ്ചയും ജോലിയും

ഞായറാഴ്ച ശബത് ആണെന്നും അതുകൊണ്ടു ഞായറാഴ്ച ഒരു ജോലിയും ചെയ്യരുത് എന്നും പറയുന്നത് ദൈവ വചനം പഠിക്കാത്തതുകൊണ്ടാണ്. ശബത് ആചരണം എന്നത് ന്യായപ്രമാണത്തിന്റ ഭാഗമായിരുന്നു. മാത്രമല്ല ശബത് എന്നത് ശനിയാഴ്ചയാണ്. പത്തു കല്പന ഉൾപ്പെടെ പഴയനിയമത്തിലുള്ള എല്ലാ കല്പനകളും നീക്കപ്പെട്ടു. അതുകൊണ്ട് ദൈവമക്കൾ ഇക്കാലത്ത് ന്യായപ്രമാണം അനുസരിക്കേണ്ടതില്ല. പുതിയനിയമത്തിലുള്ള കല്പനകൾ മാത്രമേ പുതിയ നിയമ സഭയിലെ അംഗങ്ങൾ അനുസരിക്കേണ്ടതുള്ളൂ. പത്തു കല്നകളിൽ നാലാം കല്പന ഒഴികെയുള്ള ഒൻപതു കല്പനകളും പുതിയനിയമത്തിൽ കാണാൻ കഴിയും. അതുകൊണ്ട് അവ നാം അനുസരിക്കണം. പുതിയ നിയമത്തിലുള്ള മറ്റു നിർദ്ദേശങ്ങളും പാലിക്കണം. പക്ഷേ ഏതെങ്കിലും ഒരു ദിവസത്തെ ശബത് ആയി ആചരിക്കണമെന്നോ ആഴ്ചയിൽ ഒരു ദിവസം ജോലി ചെയ്യാതിരിക്കണമെന്നോ പുതിയനിയമം പറയുന്നില്ല.

ശബത് ശനിയാഴ്ചയിൽ നിന്നു ഞായറാഴ്ചയിലേക്കു മാറ്റി എന്നു വിശ്വസിക്കുന്നവരുണ്ട്. പക്ഷേ ഇതു തെറ്റിദ്ധാരണയാണ്. ഞായറാഴ്ചയെ ചിലർ വിശുദ്ധ ദിവസം എന്നു വിളിക്കുന്നതും അജ്ഞതമൂലമാണ്. നാമധേയ ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധ ദിവസമായി പരിഗണിച്ചിരുന്നതുകൊണ്ട് ക്രൈസ്തവർക്കു സ്വാധീനമുള്ള രാജ്യങ്ങളിൽ ഞായറാഴ്ച അവധിയാണ്. അങ്ങനെയുള്ള രാജ്യങ്ങളിൽ ദൈവമക്കൾ ഞായറാഴ്ച ആരാധന നടത്തുന്നു എന്നു മാത്രം. അറബിനാടുകളിൽ വെള്ളിയാഴ്ചയാണ് അവധി ലഭിക്കുന്നത്. അതുകൊണ്ട് ഗൾഫിലുള്ള ദൈവമക്കൾ വെള്ളിയാഴ്ച ആരാധിക്കുകയും ഞായറാഴ്ച ജോലിക്കു പോകുകയും ചെയ്യുന്നു. ഇതാണു ശരിയായ രീതി.

ഞായറാഴ്ച ജോലി ചെയ്യരുതെന്ന് ദൈവവചനം പറയുന്നില്ല. എങ്കിലും സഭയുടെ ഏറ്റവും പ്രധാന ആരാധന ഞായറാഴ്ചയാണു നടത്തുന്നതെങ്കിൽ അത് ഒഴിവാക്കാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം. ആരാധനയ്ക്കു മുൻപോ ആരാധന കഴിഞ്ഞോ ജോലി ചെയ്യുന്നതു പാപമാകുന്നുമില്ല. സഭാഹാൾ പണിയുന്നതിനു മുന്നോടിയായി നടത്തുന്ന പ്രാർത്ഥന ഞായറാഴ്ച നടത്തുന്നതിൽ തെറ്റില്ല. പിറ്റേന്നു മേസ്തരി പണി ആരംഭിക്കുന്നതിനും തടസ്സമില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറി ഡിഫെൻഡർ ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകങ്ങളിൽ നിന്നു സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. എല്ലാം കൂടി നാലുലക്ഷത്തിൽ അധികം പേജുകൾ. പുസ്തക രൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും. എങ്കിലും 40 സി.ഡികൾ അടങ്ങുന്ന ഒരുസെറ്റ് ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്കു ലഭിക്കും.

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. ആയിരക്കണക്കിനു രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ഇതാ ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ -അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മൊർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല. ആകെ 10 സി.ഡികൾ. വില: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വീട്ടിൽ ഒരു റഫറൻസ് ലൈബ്രറിക്ക് 1900 രൂപയും ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപയുമാണു വില. (വിദേശത്ത് യഥാക്രമം 80 ഡോളർ, 50 ഡോളർ). എന്നാൽ രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങുന്നവർ 1900+900 =2800ന് പകരം 2500 രൂപ നൽകിയാൽ മതിയാകും. വിദേശത്ത് രണ്ടു സെറ്റുകൾക്കുംകൂടി 100 ഡോളർ മാത്രം. പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ 2500 രൂപയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. പണം അയയ്ക്കാനുള്ള വിലാസവും മറ്റും അവസാന പേജിലുള്ള പരസ്യത്തിലുണ്ട്.

# ഇതു ഡിഫെൻഡറിന്റെ വിശ്വാസം

ദൈവീക രോഗശാന്തി എന്ന വിഷയത്തിൽ ഡിഫെൻഡറിനു വ്യക്തമായ വിശ്വാസപ്രമാണമുണ്ട്. അതു പലവട്ടം ഡിഫെൻഡറിൽ എഴുതിയിട്ടുള്ളതുമാണ്. എങ്കിലും വിശ്വാസപ്രമാണവുമായി ബന്ധപ്പെട്ട് എഴുതിവരുന്ന ലേഖനങ്ങളുടെ ഭാഗമെന്ന നിലയ്ക്ക് ഈ വിഷയവും എഴുതുകയാണ്. ''വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാൽ രോഗശാന്തിയുണ്ടാകും, എന്നാൽ മരുന്നുകൾ ഉപയോഗിക്കുന്നതു പാപമായോ അവിശ്വാസമായോ പരിഗണിക്കേണ്ടതില്ല'' എന്നാണു ഡിഫെൻഡർ വിശ്വസിക്കുന്നത്.

സർവ്വശക്തനായ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. രോഗങ്ങൾ സൗഖ്യമാക്കാൻ കഴിവില്ലാത്ത ദൈവത്തെ ദൈവമെന്നു വിളിക്കാനും പറ്റില്ല. കർത്താവായ യേശുക്രിസ്തു രോഗികളെ സൗഖ്യമാക്കുക മാത്രമല്ല മരിച്ചവരെ ഉയിർപ്പിക്ക വരെ ചെയ്തു. കർത്താവിന്റെ ശിഷ്യന്മാരും ഇതൊക്കെത്തന്നെ തുടർന്നു. ഒന്നാം നൂറ്റാണ്ടിലെ ദൈവദാസൻമാർക്കു ചെയ്യാൻ കഴിഞ്ഞതെല്ലാം 21-ാം നൂറ്റാണ്ടിലെ ദൈവദാസൻമാർക്കും ചെയ്യാൻ കഴിയും. ഒന്നാം നൂറ്റാണ്ട് അവസാനിച്ചതോടെ അത്ഭുതങ്ങളുടെ കാലം കഴിഞ്ഞു എന്ന് ഡിഫെൻഡർ വിശ്വസിക്കുന്നില്ല.

രോഗികളെ സൗഖ്യമാക്കുക എന്നത് എല്ലാ വിശ്വാസിക്കും ചെയ്യാൻ അധികാരമുള്ള കാര്യമാണ്. വിശ്വസിക്കുന്നവരെ പിൻതുടരുന്ന അടയാളങ്ങളിൽ ഒന്നായി കർത്താവായ യേശുക്രിസ്തു രോഗശാന്തിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. (മർക്കോ.16:17, 18). ബൈബിൾ ദൈവവചനമാണെന്നു വിശ്വസിക്കുന്നവർക്ക് ഇതു വിശ്വസിക്കാതിരിക്കാനാവില്ല. രോഗശാന്തി പ്രാപിക്കുക, മറ്റുള്ളവരുടെ രോഗങ്ങൾ സൗഖ്യമാക്കുക തുടങ്ങിയവ എല്ലാ വിശ്വാസിയുടെയും നിത്യജീവിതത്തിന്റെ ഭാഗമാണ്.

രോഗശാന്തി എന്നത് കൃപാവരങ്ങളിൽ ഒന്നായി പൗലോസ് പഠിപ്പിക്കുന്നുണ്ട്. (1കൊരി.12:9) എല്ലാ വിശ്വാസിക്കും രോഗികൾക്കായി പ്രാർത്ഥിക്കാൻ അധികാരമുണ്ടെങ്കിലും രോഗശാന്തി എന്നത് ഒരു കൃപാവരമായി ലഭിച്ചവരുടെ പ്രാർത്ഥനയാൽ വലിയ അത്ഭുതങ്ങൾ നടക്കും. രോഗശാന്തിവരം പ്രാപിച്ചിട്ടുള്ള നിരവധി ദൈവദാസൻമാർ ഇക്കാലത്തുമുണ്ട്. അവരിലൂടെ അത്ഭുത രോഗശാന്തി ഉണ്ടാകുന്നുമുണ്ട്. എങ്കിലും ഈ രംഗത്തു നിരവധി വ്യാജൻമാരുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കണം. അല്ലെങ്കിൽ വ്യാജൻമാരുടെ വഞ്ചനയ്ക്ക് ഇരയാകും.

രോഗശാന്തിക്ക് അമിത പ്രാധാന്യം കൊടുക്കുന്നവരെ സൂക്ഷിക്കുക. ഇത്തരക്കാർ വ്യാജൻമാരാകാനാണു സാധ്യത. രോഗശാന്തി ലഭിച്ചവരെക്കൊണ്ടു സാക്ഷ്യം പറയിക്കുന്നവർ ദൈവദാസൻമാരായിരിക്കാനുള്ള സാധ്യത വളരെ കുറവാണ്. ദൈവനാമ മഹത്വത്തിനെന്ന വ്യാജേനയാണ് ഇവർ സാക്ഷ്യം പറയിക്കുന്നത്. പക്ഷേ ഇവർ ദൈവത്തിനല്ല തങ്ങൾക്കുതന്നെയാണു മഹത്വമുണ്ടാക്കുന്നത്. ആകയാൽ ഇത്തരക്കാരുമായുള്ള എല്ലാ ഇടപാടുകളും ദൈവമക്കൾ ഒഴിവാക്കണം.

മരുന്നു കഴിക്കുന്നതു പാപമാണോ എന്നതാണ് അടുത്ത പ്രശ്നം. മരുന്നു കഴിക്കുന്നത് അവിശ്വാസം മൂലമാണെന്നോ പാപമാണെന്നോ തിരുവചനത്തിൽ കാണുന്നില്ല. എങ്കിലും ചിലർ ദൈവവചനം ദുർവ്യാഖ്യാനം ചെയ്ത് ഇത്തരം ദുരുപദേശങ്ങൾ സ്ഥാപിക്കാറുണ്ട്. പെന്തക്കോസ്ത് സഭകളിൽ ഈ ദുരുപദേശത്തിനു സ്വീകാര്യത ലഭിച്ചിരുന്നു എന്ന വസ്തുത മറച്ചുവച്ചിട്ടു കാര്യമില്ല. ഇപ്പോഴും ചില പെന്തക്കോസ്ത് സഭകളിൽ ഈ ദുരുപദേശം നിലനിൽക്കുന്നുമുണ്ട്. എങ്കിലും ഈ ദുരുപദേശത്തിന്റെ സ്വാധീനം അനുദിനം കുറഞ്ഞു വരുകയാണ്.

ദൈവത്തിന് ഒന്നും അസാധ്യമല്ല. അതുകൊണ്ട് രോഗശാന്തി നൽകാനും ദൈവത്തിനു കഴിയും എന്നാണ് ഒരു വാദം. ദൈവം സർവ്വശക്തനാണെന്നതും ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്നതും സത്യം തന്നെ. പക്ഷേ മനുഷ്യനു ചെയ്യാൻ കഴിയുന്നതൊന്നും ദൈവം ചെയ്യാറില്ല എന്ന വസ്തുത നാം മറന്നു കളയരുത്. മനുഷ്യന്റെ കഴിവ് അവസാനിക്കുന്നിടത്താണ് ദൈവപ്രവൃത്തി ആരംഭിക്കുന്നത്. ചില ഉദാഹരണങ്ങൾ:

ചെങ്കടൽ വിഭാഗിക്കാനുള്ള കഴിവു മനുഷ്യനില്ല. അതുകൊണ്ട് ദൈവം ചെങ്കടൽ വിഭാഗിച്ചു. പക്ഷേ നടക്കാനുള്ള കഴിവ് യിസ്രായേൽ മക്കൾക്കുണ്ടായിരുന്നു. അതുകൊണ്ട് അവർ നടന്ന് അക്കരെയെത്തി. ഗസയുടെ നിർജ്ജന പ്രദേശത്ത് ദൈവകല്പന പ്രകാരം എത്തിച്ചേർന്ന ഫിലിപ്പോസിനു മടങ്ങി വരാൻ ദൈവസഹായം ആവശ്യമായിരുന്നു. അതുകൊണ്ട് അവനെ ദൈവം എടുത്തു കൊണ്ടു പോന്നു. പക്ഷേ എന്നും രാവിലെ ഫിലിപ്പോസ് കുളിച്ചൊരുങ്ങി നിന്നു പ്രാർത്ഥിക്കുന്നു എന്നിരിക്കട്ടെ: ''ദൈവമേ, ഇതാ ഞാൻ റെഡിയായി നിൽക്കുന്നു. എന്നെ എടുത്തു കൊണ്ടു പോകേണമേ.'' എത്ര പ്രാർത്ഥിച്ചാലും ദൈവാത്മാവു ഫിലിപ്പോസിനെ എടുത്തു കൊണ്ടുപോകുകയില്ല. ഫിലിപ്പോസിനു കാലു കൊടുത്തതു ദൈവമാണ്. നടക്കാൻ കഴിയുന്നിടത്ത് ഫിലിപ്പോസ് നടന്നു തന്നെ പോകണം.

പത്രോസിന് ജയിലിൽ നിന്നു രക്ഷപ്പെടാൻ ദൈവദൂതന്റെ സഹായം ആവശ്യമായിരുന്നു. അതുകൊണ്ട് ദൂതൻ അവനെ സഹായിച്ചു. പക്ഷേ ജയിലിനു പുറത്തുള്ള തെരുവിൽ എത്തിയ ഉടൻ ദൂതൻ അപ്രത്യക്ഷനായി. ദൂതൻ വരാതെ മുൻപോട്ടു പോകില്ല എന്നു ശഠിച്ചുകൊണ്ട് പത്രോസ് അവിടെത്തന്നെ നിന്നില്ല. അവൻ നടന്ന് മർക്കോസിന്റെ വീട്ടിലെത്തി.

ഈ സംഭവങ്ങളൊക്കെ നമുക്കു ദൃഷ്ടാന്തമായി എഴുതിയിരിക്കയാണ്. മനുഷ്യനു ചെയ്യാൻ കഴിയുന്നതെല്ലാം മനുഷ്യൻ ചെയ്യണം. അതിനാവശ്യമായ ബുദ്ധിയും ശക്തിയും ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. പക്ഷേ മനുഷ്യന്റെ ബുദ്ധികൊണ്ടോ ശക്തികൊണ്ടോ സാധിക്കാനാവാത്ത കാര്യങ്ങളും ഉണ്ടാകും. അവ ദൈവത്തിനു വിട്ടുകൊടുക്കുക. അശൂർ രാജാവു യുദ്ധത്തിനായി വരുന്നു എന്നു കേട്ടപ്പോൾ ഹിസ്കിയാവ് സാധ്യമായ എല്ലാ മുൻകരുതലുകളും എടുത്തു. (2ദിന.32). പക്ഷേ അശൂർ രാജാവിനെ നേരിടാനുള്ള ശക്തി ഹിസ്കിയാവിന്റെ സൈന്യത്തിനില്ലായിരുന്നു. അതുകൊണ്ട് അവൻ ദൈവത്തോടു നിലവിളിച്ചു. അസാധ്യമായതു ദൈവം സാധ്യമാക്കിക്കൊടുത്തു. ഒരു ദൈവദൂതൻ അശൂർ പാളയത്തിലെത്തി സംഹാരം നടത്തി. ഇതു നമുക്കൊരു പാഠമായിരിക്കണം. ശത്രുവിനെതിരെ പോരാടാൻ നാം ധൈര്യം കാണിക്കണം. ചെയ്യാനാവുന്നതെല്ലാം ചെയ്യണം. പക്ഷേ നമ്മുടെ കഴിവ് അപര്യാപ്തമാകുമ്പോൾ ദൈവത്തോടു നിലവിളിക്കണം. ദൈവം പ്രവർത്തിക്കും. അത്ഭുതം നടക്കും. നാം രോഗികളാകുമ്പോഴും ഇതു തന്നെ ചെയ്യണം. രോഗസൗഖ്യത്തിനായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുക. ബാക്കിയുള്ള കാര്യങ്ങൾ ദൈവത്തെ ഭരമേല്പിക്കുക.

വിശ്വാസികൾക്കു രോഗങ്ങൾ വരുകയില്ല എന്നു പഠിപ്പിക്കുന്നവരുണ്ട്. ദൈവവചനം പഠിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്. ''ഞാൻ അബ്രഹാമിന്റെയും ഇസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു'' എന്ന് യഹോവയായ ദൈവം തന്നെ അരുളിച്ചെയ്തിട്ടുണ്ട്. പക്ഷേ യിസ്ഹാക്കിന്റെ അന്ധത ദൈവം മാറ്റിക്കൊടുത്തില്ല. മോശെയുടെ നാവിന്റെ കെട്ട് അഴിച്ചുമില്ല. പൗലോസിന്റെ ജഡത്തിലെ ശൂലം മാറ്റിക്കൊടുത്തോ? ദൈവമക്കൾക്കു രോഗം വരുകയില്ലെന്ന സിദ്ധാന്തം ശരിയല്ലെന്ന് ഇതിൽ നിന്നു വ്യക്തമാകുന്നു.

മാറാവ്യാധികൾ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് എന്ന വാദവും ശരിയല്ല. ഒരു രോഗവുമില്ലാതെ, എല്ലാവിധ ആഡംബരങ്ങളോടുംകൂടി സുഖിച്ചു ജീവിച്ച ധനവാൻ യാതനാസ്ഥലത്ത് എത്തി. പക്ഷേ നിത്യരോഗിയും പരമ ദരിദ്രനുമായിരുന്ന ലാസർ പറുദീസയിലാണ് എത്തിച്ചേർന്നത്. ഈ കഥയിലെ ധനവാൻ ശപിക്കപ്പെട്ടവനും ദരിദ്രൻ അനുഗ്രഹിക്കപ്പെട്ടവനുമാണെന്നല്ലേ ഇതിൽനിന്നു മനസ്സിലാക്കേണ്ടത്?

വിവിധ കാരണങ്ങളാൽ രോഗങ്ങളുണ്ടാകാം. രോഗാണുക്കൾ മൂലം രോഗമുണ്ടാകുമെന്ന് വിശേഷിച്ചു പറയേണ്ടതില്ല. അപകടം മൂലം ശാരീരിക പ്രശ്നങ്ങളുണ്ടാകാം. ദുരാത്മാക്കളുടെ സ്വാധീനം മൂലം ശാരീരികവും മാനസികവുമായ രോഗങ്ങളുണ്ടാകാമെന്നു ദൈവവചനം തെളിയിക്കുന്നു. അയോഗ്യമായി തിരുവത്താഴം സ്വീകരിക്കുന്നതു രോഗത്തിനു കാരണമാകാം എന്നു പൗലോസ് പറയുന്നു. വാർദ്ധക്യസഹജമായും രോഗങ്ങളുണ്ടാകാം. ഇവയിൽ ചിലത് ഒരിക്കലും സൗഖ്യമായില്ലെന്നും വരാം. അതുകൊണ്ട് രോഗങ്ങൾ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നും മാറാരോഗികൾ ശപിക്കപ്പെട്ടവരാണെന്നും മറ്റുമുള്ള സാദ്ധാന്തങ്ങൾ വചന വിരുദ്ധമാണ്. സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ പ്രചരിപ്പിക്കുന്ന ദുരുപദേശങ്ങളുടെ ഭാഗമാണിവയൊക്കെ.

രോഗം, അപകടം, പട്ടിണി, മരണം തുടങ്ങി ഇതര മനുഷ്യർക്കുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളും ദൈവമക്കൾക്കും ഉണ്ടാകും. പക്ഷേ സർവ്വശക്തനായ ദൈവത്തിന് ഇവയിൽ നിന്നെല്ലാം വിടുവിക്കുവാൻ കഴിയും. വിടുവിച്ചേ മതിയാകൂ എന്നുമില്ല. ഇതൊക്കെ ദൈവത്തിന്റെ പരമാധികാരത്തിൽ പെട്ട കാര്യമാണ്. എങ്കിലും ഒരു കാര്യം ഉറപ്പ്: നല്ലവനായ ദൈവത്തിനു തിൻമ ചെയ്യാൻ പറ്റില്ല. തന്റെ മക്കൾക്ക് നൻമ മാത്രമേ ദൈവം ചെയ്യൂ. ദൈവത്തെ സ്നേഹിക്കുന്നവർക്ക് എല്ലാം നൻമയ്ക്കായിത്തീരുന്നു. രോഗം സൗഖ്യമായാൽ അതു നൻമയ്ക്ക്. ലാസറിനെപ്പോലെ നിത്യരോഗിയായി കഴിയേണ്ടതായി വന്നാൽ അതും നൻമയ്ക്ക്. ഇതാണു ശരിയായ കാഴ്ചപ്പാട്. ദൈവമക്കൾക്കു രോഗം വരുകയില്ല എന്ന തെറ്റായ ഉപദേശത്തിൽ വിശ്വസിക്കുന്നവർക്ക് എപ്പോഴെങ്കിലും രോഗമുണ്ടായാൽ അതോടെ അവരുടെ വിശ്വാസജീവിതം തകരും എന്നതും എടുത്തു പറയേണ്ട കാര്യമാണ്.






## 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9645077483**

# പി.ജി.വർഗീസ്: ഒരു വിലയിരുത്തൽ

അത്ര ചക്കീമല്ല അത്ര കണ്ടനുമല്ല എന്ന പരുവത്തിൽ നിൽക്കുന്ന പി.ജി.വർഗീസിനെ പെന്തക്കോസ്തുകാർ സംശയദൃഷ്ടിയോടെയാണു നോക്കുന്നത്. അതുകൊണ്ടു പെന്തക്കോസ്ത് കൺവെൻഷനുകളിൽ പി.ജി.വർഗീസിനെ അപൂർവ്വമായി മാത്രമേ കാണാറുള്ളൂ. എങ്കിലും അല്പമൊക്കെ ഉണർവ്വുള്ള സമുദായക്കാരുടെ ഇടയിൽ പി.ജി.വർഗീസിനു സ്വാധീനമുണ്ട്.

പി.ജി.വർഗീസിനെക്കുറിച്ചു ഡിഫെൻഡറിന് എന്താണു പറയാനുള്ളത് എന്നു പലരും ചോദിക്കാറുണ്ട്. ഇപ്പോഴുണ്ടായിരിക്കുന്ന അധികാര കൈമാറ്റവും അനുബന്ധ വിഷയങ്ങളും മൂലം കൂടുതൽ ചോദ്യം ഉണ്ടാകുകയും ചെയ്യും. അതുകൊണ്ട് പി.ജി.വർഗീസിനെക്കുറിച്ചു ഡിഫെൻഡറിനു പറയാനുള്ളതു പറയാം:

1. പ്രാരംഭത്തിൽ സൂചിപ്പിച്ചതുപോലെ രണ്ടും കെട്ട ഉപദേശം പ്രചരിപ്പിക്കുന്ന ആളായിട്ടാണു ഡിഫെൻഡർ പി.ജി.വർഗീസിനെ കാണുന്നത്. അതുകൊണ്ട് ഒരളവിലധികം സഹകരിക്കാറില്ല.
2. സദാചാരപ്രശ്നങ്ങളുമായി ബന്ധപ്പെട്ട ആരോപണങ്ങളൊന്നും പി.ജി.വർഗീസിനെക്കുറിച്ച് നാളിതുവരെ കേട്ടിട്ടില്ല.
3. സമുദായക്കാർ ഉൾപ്പെടെയുള്ളവരെ വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളായി പരിഗണിക്കുന്ന ആളാണു പി.ജി.വർഗീസ് എന്നാണു ഡിഫെൻഡറിനു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത്തരം ഒരു ഉപദേശവുമായി പൊരുത്തപ്പെടാൻ ഡിഫെൻഡറിനാവില്ല.
4. പി.ജി.വർഗീസിന്റെ പ്രസംഗത്തിന്റെ നല്ലൊരു പങ്ക് ഭൗതിക അനുഗ്രഹങ്ങളുമായി ബന്ധപ്പെട്ടതാണ്. കർത്താവിന്റെ പിന്നാലെ ഇറങ്ങിയാൽ ഭൗതീക നൻമകൾ ലഭിക്കും എന്ന ദൂതാണ് പി.ജി.വർഗീസ് നൽകുന്നത്. ഇത്തരത്തിലുള്ള പ്രസംഗം കർത്താവോ ശിഷ്യൻമാരോ നടത്തിയിട്ടില്ല.
5. സ്വന്തം കുടുംബത്തെക്കുറിച്ച് പി.ജി.വർഗീസ് ആവശ്യത്തിലധികം പ്രസംഗിക്കുന്നു. ലില്ലിയില്ലാത്ത പ്രസംഗം പി.ജി.വർഗീസ് നടത്തിയതായി അറിവില്ല. ഇതു ശരിയായ നടപടിയാണെന്നു ഡിഫെൻഡറിന് അഭിപ്രായമില്ല.
6. വെറും പത്താംക്ലാസ്സുകാരനായ പി.ജി.വർഗീസ് ചുമ്മാ ഡോ ആയി. ഇതു മഹാ മോശമായ നടപടിയാണെന്നതിനു സംശയമില്ല. ഇതിനെതിരെ ഡിഫെൻഡർ പ്രതികരിച്ചിട്ടുണ്ട്.
7. പ്രായോഗിക ജീവിതത്തിനു സഹായകമാകുന്ന ഒട്ടേറെ നല്ല കാര്യങ്ങൾ പി.ജി.വർഗീസ് പ്രസംഗത്തിലൂടെയും എഴുത്തിലൂടെയും പ്രചരിപ്പിക്കാറുണ്ട്. അതു നല്ല കാര്യം തന്നെ.
8. ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം എന്നത് എന്തോ അത്ഭുത സംഭവമാണെന്നു വരുത്തിത്തീർക്കാൻ പി.ജി.വർഗീസ് നിരന്തരം ശ്രമിക്കാറുണ്ട്. ഇതിനോടു യോജിക്കാനാവില്ല. ഒരു ടീമുണ്ടാക്കി എന്നല്ലാതെ എട്ടാമത്തെ അത്ഭുതമൊന്നും ഇതിലൂടെ ഉണ്ടാക്കിയെടുത്തിട്ടില്ല.
9. പൊതു സദസ്സിൽ കയറി നിന്നു പറയാൻ പാടില്ലാത്ത പല കാര്യങ്ങളും - വിശേഷിച്ചും കുടുംബരഹസ്യങ്ങൾ - പി.ജി.വർഗീസ് പറയാറുണ്ട്. ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്ന കാര്യമാണിത്.
10. പുണ്യാളൻ ചമയാൻ പി.ജി.വർഗീസ് നടത്തുന്ന ശ്രമങ്ങൾ പലപ്പോഴും വിപരീത ഫലങ്ങൾ ഉണ്ടാക്കാറുണ്ട്. ആദ്യത്തെ ഇമ്പ്രഷനൊക്കെ തീരുമ്പോൾ ഇത്തരം അഭിനയങ്ങളുടെ പൂച്ചു പുറത്താകും എന്നതാണു വസ്തുത.
11. ടീമിന്റെ നേതൃത്വം 2004ൽ ജോയി തോമസിനു കൈമാറിയ നടപടി അനാവശ്യവും ഒഴിവാക്കേണ്ടതുമായിരുന്നു. പുണ്യാളൻ ചമയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ ഒരു തന്ത്രം മാത്രമായിരുന്നു അത്.
12. ജോയി തോമസിനു കൈമാറിയ അധികാരം വീണ്ടും പി.ജി.വർഗീസ് ഏറ്റെടുത്തത് തികച്ചും തെറ്റായിപ്പോയി. നേതൃസ്ഥാനത്തു തുടരാൻ ജോയി തോമസിനു താല്പര്യമില്ലെങ്കിൽ യോഗ്യനായ മറ്റൊരാളെ ചുമതല ഏല്പിക്കയായിരുന്നു നല്ലത്.
13. ജോയി തോമസിന് അധികാരം കൈമാറിയപ്പോൾ നടത്തിയ ഷോകൾ അനാവശ്യമായിരുന്നു. സാധുക്കളെ കബളിപ്പിക്കാനുള്ള ചെപ്പടിവിദ്യകളായിരുന്നു അവയെല്ലാം.
14. അധികാരം തിരികെയെടുത്ത വിവരം പരസ്യമാക്കാതിരുന്നതു തെറ്റായിപ്പോയി. ആവശ്യത്തിലധികം അഭ്യൂഹങ്ങൾക്ക് ഇതു വഴിവച്ചു.
15. ജോയി തോമസിന് അധികാരം കൈമാറിയപ്പോൾ കുറുവടി ഉൾപ്പെടെയുള്ള തിരുശേഷിപ്പുകൾ കൈമാറിയത് തെറ്റായ കീഴ്വഴക്കമായിപ്പോയി. തികച്ചും അനാവശ്യമായിരുന്നു ആ നടപടികളൊക്കെ.
16. ജോയി തോമസിന് ആത്മീയ അധികാരം കൈമാറി എന്നൊക്കെ പറഞ്ഞതു വിവരക്കേടാണ്. അങ്ങനെ കൈമാറാവുന്ന ഒരു ആത്മീയാധികാരവും പി.ജി.വർഗീസിന്റെ കൈവശമുണ്ടായിരുന്നില്ല. ഇന്ത്യൻ ഇവാഞ്ചലിക്കൽ ടീം എന്നതു മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമാണ്.

ഇത്രയുമൊക്കെയാണ് ഡിഫെൻഡറിനു പി.ജി.വർഗീസിനെക്കുറിച്ചു പറയാനുള്ളത്.

# വി.പി.മാത്യുവിനെ ഓർക്കുമ്പോൾ



വി.പി.മാത്യു അത്ര പ്രസിദ്ധനല്ല. അതുകൊണ്ട് ഇദ്ദേഹത്തെക്കുറിച്ചുള്ള ഈ കുറിപ്പു വായിക്കാൻ താത്പര്യം തോന്നിയില്ലെന്നു വരാം. ആരാണു വി.പി.മാത്യു? ചർച്ച് ഓഫ് ഗോഡിലെ ഒരു പാസ്റ്ററായിരുന്നു വി.പി.മാത്യു. രണ്ടു പതിറ്റാണ്ടിൽ അധികം കാലം ഇദ്ദേഹം വിവിധ സഭകളിൽ ശുശ്രൂഷിച്ചു. ഏതാനും വർഷം മുൻപ് ഇദ്ദേഹം രോഗിയായി. ചികിത്സകൾ ഫലം കണ്ടില്ല. അവസാന ദിവസങ്ങളിൽ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. സെപ്റ്റംബർ 7ന് ഇദ്ദേഹം മരിച്ചു.

ഞാൻ (റ്റി.എസ്.ബാലൻ) വി.പി.മാത്യുവിനെ പരിചയപ്പെട്ടത് 1983ൽ ആയിരുന്നു. ഡോ. ജോൺ താന്നിക്കലിന്റെ നേതൃത്വത്തിൽ കുമളിയിൽ നടന്ന ഒരു ട്രെയിനിംഗ് പ്രോഗ്രാമിൽ ഞാൻ സംബന്ധിക്കയുണ്ടായി. അവിടെ വി.പി.മാത്യുവും പഠിക്കാനെത്തി. ഒരു മാസത്തോളം കാലം ഞങ്ങൾ അവിടെയുണ്ടായിരുന്നു.

1984ൽ ഞാൻ നാഗാലാന്റിലേക്കു പോയി 1993ൽ തിരിച്ചെത്തി. പിന്നീടുള്ള മൂന്നു വർഷം ബഥനി അക്കാഡമിയിൽ അധ്യാപകനായി ജോലി നോക്കി. അതോടൊപ്പം സുവിശേഷപ്രവർത്തനവും നടത്തി. ആ കാലത്താണു ഞാൻ വീണ്ടും വി.പി.മാത്യുവിനെ കണ്ടത്. അന്ന് അദ്ദേഹം എഴുമറ്റൂർ ഭാഗത്തുള്ള ഒരു സഭയുടെ പാസ്റ്ററായിരുന്നു. കുമളിയിൽ നിന്നു ഞങ്ങൾ പിരിഞ്ഞ ശേഷം വി.പി.മാത്യു ബസ്സ് കണ്ടക്ടറായി കുറെക്കാലം ജോലി നോക്കി. അതു കഴിഞ്ഞ് സഭാശുശ്രൂഷകനായി. ഞാൻ പഠിപ്പിക്കുന്ന ക്ലാസ്സിലുള്ള ഒരു കുട്ടി തന്റെ സഭയിലെ വിശ്വാസിയാണെന്നു വി.പി.മാത്യു എന്നോടു പറഞ്ഞു. പഴയ കാര്യങ്ങളൊക്കെ പറഞ്ഞു കുറച്ചധികം ചിരിച്ചു. അതിനുശേഷം ഞാൻ വി.പി.മാത്യുവിനെ കണ്ടിട്ടില്ല.

ഉച്ചത്തിൽ വർത്തമാനം പറയുകയും വളരെയധികം ചിരിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായിരുന്നു വി.പി.മാത്യു. എങ്കിലും പലവിധ പ്രശ്നങ്ങൾ അദ്ദേഹം അഭിമുഖീകരിക്കേണ്ടതായി വന്നു. അതിന്റെയൊക്കെ തെറ്റും ശരിയും ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഭാര്യയേയും രണ്ടു മക്കളേയും വിട്ട് വി.പി.മാത്യു കഴിഞ്ഞ 7-ാം തീയതി യാത്രയായി. 10 സെന്റ് സ്ഥലമല്ലാതെ ഒന്നും സമ്പാദിക്കാൻ വി.പി.മാത്യുവിനു കഴിഞ്ഞില്ല. ഈ കുടുംബം ദൈവമക്കളുടെ സഹായം അർഹിക്കുന്നു. എല്ലാവരും സഹകരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്:

Molly Mathew,
Thazhchaparampil House
Thirumoolapuram P.O,
Thiruvalla- 689 115
Pathanamthitta District,
Phone: 94475 04790

## പി.ജി.വർഗീസ് vargisupadeshi@gmail.com എന്ന ഈമെയിൽ വിലാസത്തിൽ നിന്ന് അഭ്യുദയകാംക്ഷികൾക്ക് അയച്ച ഈമെയിലിന്റെ പ്രസക്ത ഭാഗങ്ങൾ

New Development
New responsibility

Dearly beloved in the Lord Jesus Christ,

I am writing this letter to share an important development: In 2004, I handed over the IET leadership to Brother Joy Thomas, a trusted and able leader in IET for 15 years. He was fully supported by all the IET leaders.

However, a few months back Brother Joy Thomas felt that God was bringing his season of leading IET to an end. He asked me to consider taking back the IET leadership. I refused to do so every time and asked him to continue the good work or raise up another leader. So, in June 2010, Brother Joy Thomas shared his heart with the leadership team of IET. He also expressed his need to spend more time with his family and his desire to focus on establishing the churches being planted through IET. The IET leaders after careful prayer agreed to his request.

Now, the leaders were faced with the task of selecting another person to lead IET. After much prayer and thinking the IET leaders felt led to ask me to come back as an interim president. I was very hesitant. I was very scared and unsure. I also fully understood my limitations particularly that of my aging mind and body. But, after listening to the call of the collective leadership of IET a group of very godly men, understanding the situation, heeding to the advice of my mentors and guides, and finally sensing God's voice in my heart and through His Word, I agreed to come back to lead IET for a defined time period. My primary task would be to further establish IET and develop a team of global leaders, something I failed to do last time, to lead IET into the future.

Meanwhile, I decided to spend 10 days in fasting and prayer to seek God's will in my life for this new future. Upon Lillys advice, I decided to also invite 10 different trusted men of God to come and pray with us. I also gave them freedom to speak into our lives. None of them knew of the developments in my life and that of IET. So, I was very surprised as I heard a very clear and consistent message that came through each of these men.

Let me share few of the persistent themes spoken through these well respected men:

i. God was calling me out of retirement to lead again. One pastor said, There is a leadership decision placed before me and God was calling me to stand up & accept.'
ii. I was being called to renew and rebuild IET. God also wanted me to finish the job He wants done through me. I cannot leave the job in the middle or do things in my wisdom. God was calling me to run a new race in His wisdom. I had to obey.
iii. My decision will be misunderstood by some. I may also face humiliating situation. But, I was never to try to redeem my honor. My actions should focus on glorifying His name. I was to be concerned only with what heaven would say. I was to walk a path of obedience. There will be Mara on the way, but the end will be sweet.
iv. God would build a team of leaders to lead with me. Moses had his team of seventy, upon whom God put His Spirit. My task was to delegate & develop.
v. God will develop a Joshua from this team of leaders to guide IET into the future. I need not look for one in my strength.
vi. God will be with me. It shall not be by might, nor by power, but by His Spirit. And, in time, things shall be clear to any detractors.
vii. God will take us to new places and expand the ministry to new people. IET was being called to capture new mountains as Caleb did.
viii. I and IET are to yield myself as a vessel in the potter's hand as we undergo His reformation.

I was very surprised at the coherency of the voice of God through the messages spoken by these ten different men, in the collective voice of the IET leaders, the strong imprints I received from the Word of God during my time of meditations, and in the advice of my guides & mentors. So, on the 13th July, the key leaders of IET gathered in Delhi, along with Brother Joy Thomas and me, to appoint me as the interim president of IET.

Meanwhile, Brother Joy Thomas remains a leader in IET. He has asked to be allowed a 4 month sabbatical leave to spend time with his family. He will also, during this time, plan with the IET leaders on his future ministry to establish the churches within IET. I am grateful for his continuing leadership in IET.

Now, I also have a personal request for you: One of the messages that came to me during my 10 days of fasting and prayer was, Get a larger group of people to commit to pray for you (Acts 20:24). I know that I will be lost without sincere prayer support. So, I am asking you to consider praying for me and IET for few minutes every day or whenever God will bring us to your mind. Will you consider this request?

I do thank you for being part of the IET family. I do not think that IET can fulfill its God given vision without you and all those who faithfully pray and support IET. Thank you! I ask you to continue to pray and stand with IET. We have many more mountains to capture and many more promised lands to inherit. Let us build His Kingdom among the unreached as one people.

Your brother and His bond servant,

Brother P.G. Vargis

P.S: Let me know if you want me to send you my family picture so that you can pray for us.

# ജോൺസൺ ദാനിയേൽ: ത്യാഗത്തിന്റെ ആൾരൂപം

ഐ.പി.സിയിലെ ചുരുക്കം ചില ത്യാഗികളിൽ ഒരാളാണു റവ.ഡോ.ജോൺസൺ ദാനിയേൽ. അമേരിക്കയിലെ ഹൂസ്റ്റണിൽ താമസിക്കുന്നു. കൺവൻഷൻ സീസണിൽ കേരളത്തിലെത്തി ത്യാഗം വെളിപ്പെടുത്തിയശേഷം മടങ്ങും. ചെറുവക്കലിൽ ഇദ്ദേഹത്തിന് ഒരു ബൈബിൾ സെമി നാറിയുണ്ട്. ചെറുവക്കൽ കൺവൻഷൻ പ്രസിദ്ധമാണല്ലോ.

ത്യാഗത്തിന്റെ കാര്യത്തിൽ ജോൺസണെ കവച്ചു വെയ്ക്കാൻ ഏറെപ്പേരില്ല. പണത്തോടുള്ള വെറുപ്പുമൂലം ഇദ്ദേഹം ജോലിക്കൊന്നും പോകാറില്ല. അച്ചിക്കോന്തൻ എന്ന് ആരെങ്കിലും വിളിച്ചാൽ ഈ മഹാത്യാഗി അത് സന്തോഷത്തോടെ സ്വീകരിക്കും. ഭാര്യ നെഴ്സായതുകൊണ്ട് സാമാന്യം നല്ല ശമ്പളം ലഭിക്കുന്നുണ്ട്. പക്ഷേ അതിന്റെ 85% സുവിശേഷവേലയ്ക്കായി ഈ ത്യാഗി വിനിയോഗിക്കുന്നു, എന്നു പറഞ്ഞാൽ ചെറുവക്കലിലുള്ള സ്വന്തം സംഘടനയുടെ അക്കൗണ്ടിലേക്കു മാറ്റുന്നു. ബാക്കിയുള്ള 15% ശതമാനം കൊണ്ടാണ് ത്യാഗിയും ഭാര്യയും മക്കളും കഴിഞ്ഞുകൂടുന്നത്. ചുരുക്കത്തിൽ ഈ കുടുംബം പരമ ദരിദ്രവാസികളാണ്.

വെറും 24,000 ഡോളർ മാത്രം വിലയുള്ള ഒരു കൊച്ചു വീട്ടിലാണ് ത്യാഗിയും കുടുംബവും താമസിക്കുന്നത്. ഹൂസ്റ്റണിൽ എത്തുന്നവരെയെല്ലാം ത്യാഗി സ്വന്തം വീട്ടിലേക്കു വിളിച്ചുകൊണ്ടുപോകും. വീടിന്റെ സ്ഥിതി കാണുന്ന ആരും ഈ ത്യാഗിയോടു പണം ചോദിക്കയില്ലെന്നു മാത്രമല്ല ത്യാഗിക്ക് എന്തെങ്കിലും കൊടുത്തിട്ടു പോകുകയും ചെയ്യും. കൂടാതെ, ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം ത്യാഗിയുടെ എളിമയെക്കുറിച്ച് ഇവർ പറയും. അങ്ങനെ ത്യാഗിക്കു പണവും പ്രശസ്തിയും ഉണ്ടാകുന്നു.

ഭാര്യയുടെ ശമ്പളത്തിന്റെ 85% സുവിശേഷവേലയ്ക്കു ചെലവാക്കുന്ന കദനകഥ ത്യാഗി എല്ലായിടത്തും പറയും. എന്നിട്ട് സ്വന്തം വിസിറ്റിംഗ് കാർഡ് കൊടുക്കുകയും ശ്രോതാക്കളുടെ വിസിറ്റിംഗ് കാർഡ് വാങ്ങുകയും ചെയ്യും. ഏറ്റവും അടുത്ത ദിവസം ത്യാഗിയുടെ വിളി വരും. മഹാത്യാഗിയുടെ പ്രവർത്തനത്തിന് സംഭാവന കൊടുക്കണമെന്നതാണ് ആവശ്യം. ത്യാഗിയല്ലേ, തെണ്ടാൻ നാണിക്കേണ്ടതില്ലല്ലോ. ത്യാഗിക്കു വിസിറ്റിംഗ് കാർഡ് കൊടുത്താൽ 100 ഡോളറെങ്കിലും നഷ്ടം ഉണ്ടാകുമെന്നു തീർച്ച. പിന്നീടും വിളി വരും. ഒരു വിളിക്കു നൂറു ഡോളർ എന്ന നിരക്കിൽ പണം നഷ്ടം.

അപ്പോൾ ഭാര്യയുടെ ശമ്പളം കൊണ്ടാണു സുവിശേഷവേല ചെയ്യുന്നത് എന്നു പറയുന്നതോ? അതു തികച്ചും സത്യമാണ്. തെണ്ടി നടക്കാൻ പണം വേണമല്ലോ. അതു ഭാര്യയുടെ ശമ്പളം കൊണ്ടാണു നിർവ്വഹിക്കുന്നത്. അതാണു സുവിശേഷ 'വേല'. ഇങ്ങനെ തെണ്ടി നടന്ന് ഉണ്ടാക്കുന്ന പണം നാട്ടിലെത്തിച്ച് സ്വന്തം സംഘടനയുടെ അക്കൗണ്ടിലാക്കും. കോടികൾ വിലമതിക്കുന്ന സ്ഥലവും കെട്ടിടവും ഈ വിധത്തിൽ സമ്പാദിച്ചു കഴിഞ്ഞു.



എല്ലാം സംഘടനയുടെ പേരിലാണുണ്ടാക്കിയിരിക്കുന്നത്. സ്വന്തം പേരിൽ ഒന്നുമില്ല. സംഘടന സ്വന്തം നിയന്ത്രണത്തിലാണെന്നു മാത്രം. ത്യാഗിയുടെ കാലശേഷം ഇതൊക്കെ ത്യാഗിയുടെ പിൻതലമുറയ്ക്കു സ്വന്തം. ഹോ, എന്തൊരു ത്യാഗം!

ഈ ത്യാഗി റവയാണ്. എന്തു റവ എന്നു ചോദിക്കരുത്. കാരണം, കഥയിൽ ചോദ്യമില്ല. പെന്തക്കോസ്തിലെ ഏതു ശുനകനും റവയാകാം. പിന്നെയുള്ളതു ഡോ ആണ്. ഡോഗ് എന്നതിന്റെ ആദ്യാക്ഷരമാണു ഡോ. തികച്ചും അന്വർത്ഥം തന്നെ.

ഈ ത്യാഗി പണ്ട് ജ്യേഷ്ഠന്റെ കുടുംബത്തെ അതിരില്ലാതെ സ്നേഹിച്ചിരുന്നു. (ഇപ്പോഴും സ്നേഹത്തിനു കുറവില്ല) ജ്യേഷ്ഠന്റെ അഭാവത്തിൽ ജ്യേഷ്ഠത്തിയുടെ ലൈംഗികപരമായ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കയും ചെയ്തിരുന്നു. അതിന്റെ നന്ദിയും സ്നേഹവും ജ്യേഷ്ഠത്തിക്ക് ഇപ്പോഴും ത്യാഗിയോടുണ്ട്. കാര്യങ്ങൾ പരമ രഹസ്യമാണെന്നു മാത്രം. അതുകൊണ്ട് മാലോകർ ഈ സംഭവങ്ങളൊന്നും അറിയുന്നില്ല. ഡിഫെൻഡർ പറയുന്നുമില്ല.

ബാംഗ്ലൂരിലുള്ള സഹോദരിമാരെ സന്ദർശിക്കാൻ ത്യാഗി ഇടയ്ക്കൊക്കെ പോകും. അതു തെറ്റല്ലല്ലോ. അക്കൂട്ടത്തിൽ ഒരു നെഴ്സിനെയും കാണും. അതു തെറ്റാണോ? ഒരിക്കലുമല്ല. അങ്കം കാണാൻ പോകുന്ന വഴിക്ക് അല്പം താളിയൊടിക്കുന്നതു തെറ്റാണെന്നു സുബോധമുള്ള ആരും പറയുകയില്ല. ഈ താളിയൊടിക്കൽ ശുശ്രൂഷ മാലോകർ അറിഞ്ഞിട്ടുമില്ല.

മുഖസ്തുതി കേട്ടാൽ ത്യാഗിയുടെ മുഖം തെളിയും. ഹൂസ്റ്റൺ പട്ടണം നശിച്ചു പോകാതിരിക്കുന്നതു ത്യാഗിയുടെ മഹത്വം ഒന്നുകൊണ്ടു മാത്രമാണെന്ന് അമേരിക്കയിലുള്ളവർക്കെല്ലാം അറിയാം. അതു മറ്റുള്ളവർ പറയുമ്പോൾ ത്യാഗിയുടെ മുഖത്ത് ആയിരം സൂര്യൻ ഒന്നിച്ചുദിക്കും. അടുത്തതു ചെറുവക്കലിന്റെ കാര്യമാണ്. ചെറുവക്കലിന്റെ അപ്പത്തോലനാണ് ഈ ത്യാഗി എന്ന് അറിയാത്തവർ ആരുമില്ല. ആണ്ടുതോറും അവിടെ നടക്കുന്ന കൺവൻഷനിലൂടെ ഉണ്ടാകുന്ന ആത്മീയ ശക്തികൊണ്ടാണ് ആ നാട്ടിലുള്ള ഏവരും ജീവിച്ചുപോകുന്നത്.

ത്യാഗിയുടെ ത്യാഗം എത്രത്തോളം ശ്രേഷ്ഠമാണെന്നു മാലോകർ ഈയിടെ നേരിട്ടു കണ്ടറിയുകയും ചെയ്തു. ത്യാഗിയുടെ വീടിന്റെ വില 24,000 ഡോളർ മാത്രമാണെന്നു പറഞ്ഞു കഴിഞ്ഞല്ലോ. അത്രയും തുക മുടക്കി ഈ മഹാത്യാഗി ഈയിടെ ഒരു കിത്താബ് പുറത്തിറക്കി: സ്വന്തം അപ്പന്റെ ജീവചരിത്രം. ആകെ കോപ്പികൾ 5000. പുസ്തകം ഒന്നിനു ചെലവ് 4.80 ഡോളർ. പുസ്തകത്തിന്റെ വില വെറും പത്തു ഡോളർ. ലാഭം 5.20 ഡോളർ മാത്രം. (ത്യാഗം പൊടിപൂരം)

കിത്താബുമായി ഈ ത്യാഗി ഇപ്പോൾ അമേരിക്കയിലുള്ള സഭകളിൽ കയറി ഇറങ്ങുകയാണ്. എല്ലാ വിശ്വാസികളും കിത്താബ് വാങ്ങണം. എന്തിന്? എല്ലാ വീട്ടിലും ഈ ഗ്രന്ഥത്തിന്റെ ഓരോ കോപ്പി ഉണ്ടായിരിക്കണം. അതുകൊണ്ട് എന്തു ഗുണമാണ് ഉണ്ടാകാൻ പോകുന്നത്? ഇങ്ങനെയൊന്നും ചോദിക്കാതെ കിത്താബ് വാങ്ങിക്കൊള്ളണം. വില പത്തു ഡോളറാണെങ്കിലും അതിൽ കൂടുതൽ കൊടുത്തെന്നു കരുതി ത്യാഗി പിണങ്ങുകയില്ല. ഏതായാലും കിത്താബ് വിറ്റു തീരുമ്പോൾ മുടക്കു മുതലിന്റെ പത്തിരട്ടിയെങ്കിലും ലഭിക്കും.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ജോൺസൺ ദാനിയേൽ എന്ന ഈ ത്യാഗിയുടെ 'വേല' അത്ര നല്ലതല്ലെന്ന അഭിപ്രായമാണു ഡിഫെൻഡറിനുള്ളത്. അതുകൊണ്ട് ഡിഫെൻഡർ ത്യാഗിയെ വിമർശിക്കുന്നു. അച്ചിക്കോന്തൻ ചമഞ്ഞു നടത്തുന്ന തട്ടിപ്പുകൾക്കെതിരെ പ്രതികരിക്കുന്നു. ഈ കൺവൻഷൻ സീസൺ മുതൽ എതിർപ്പു പരിപാടി കൂടുതൽ രൂക്ഷമാക്കാനാണു പദ്ധതിയിടുന്നതും. അതുകൊണ്ട് ഈ ത്യാഗിയെ പ്രസംഗത്തിനു വിളിക്കുന്നവരും ത്യാഗിയുമായി സഹകരിക്കുന്നവരും ഡിഫെൻഡറിന്റെ കണ്ണിലെ കരടാകുമെന്ന് അറിഞ്ഞിരുന്നാൽ നന്ന്.


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വെർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys
Your Web Partner
Ernakulam
Phone: 0484-2592312. Mob: 9895428641
Email: works@scriptinfoways.com

# വിളിക്കാത്തിടത്ത് ഉണ്ണാൻ പോയാൽ

വിളിക്കാത്തിടത്ത് ഉണ്ണാൻ പോയാൽ എന്തു സംഭവിക്കും? എന്തും സംഭവിക്കാം. സംശയമുള്ളവർ, യു.എ.ഇ യിൽ ജോലിയോടു കൂടി സുവിശേഷവേല ചെയ്യുന്ന ജോർജ്ജുകുട്ടി (പത്തനാപുരം സ്വദേശി) സ്വർഗ്ഗീയ വിരുന്ന് ഉണ്ണാൻ പോയപ്പോഴുണ്ടായ അനുഭവം സ്വന്തം വാചകത്തിൽ വിവരിക്കുന്നതു കേൾക്കൂ:

സ്വർഗ്ഗീയ വിരുന്ന് 2010 സെപ്റ്റംബർ 2,3,4,5 തീയതികളിൽ പത്തനാപുരത്ത് നടത്തിയ കൺവൻഷനിൽ 2,3 എന്നീ ദിവസങ്ങളിൽ എനിക്കും പങ്കെടുക്കുവാൻ ഇടയായി. അതിൽ 3-ാം തീയതി പകൽ മീറ്റിംഗിൽ നേരിട്ട അനുഭവം പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കായി വിവരിക്കുന്നു.

മേൽപ്പറഞ്ഞ മീറ്റിംഗിൽ ബ്രദർ തങ്കുവും ബ്രദർ തോമസുകുട്ടിയും ചേർന്നുള്ള പ്രസംഗത്തിൽ ക്രിസ്തീയ വചന ഉപദേശത്തിന് വിരുദ്ധമായ പ്രസ്താവനയും ദുരുപദേശങ്ങളും സാമ്പത്തിക നേട്ടത്തിനായുള്ള ആഹ്വാനങ്ങളും അടിക്കടി നടത്തിക്കൊണ്ടിരുന്നു. 1പത്രോ 3: 9, ഗലാ 4 : 1, റോമർ 8 :1, 2കോരി 8:9 എന്നി വാക്യങ്ങളെ അടിസ്ഥാനമാക്കി യേശുക്രിസ്തുവിന്റെ ജഡാവതാരവും ക്രൂശീകരണവും സാമ്പത്തിക ഉയർച്ചയ്ക്ക് മാത്രമായിരുന്നു എന്നും, ദാരിദ്ര്യവും, രോഗങ്ങളും അനുഭവിക്കുന്ന ജനങ്ങളെല്ലാം പാപികളും, ദൈവമക്കളെന്ന ഗ്രൂപ്പിൽ ഉൾപ്പെടാത്തവരും, ശാപത്തിൻ കീഴിലുള്ളവരാണെന്നും സ്ഥാപിക്കുകയുണ്ടായി. ഇങ്ങനെ ക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് നേർവിപരീതമായി പഠിപ്പിക്കുകയും സത്യവചനം കേൾക്കുവാൻ വരുന്ന ജനത്തെ മന:പൂർവ്വമായി തെറ്റിലേക്ക് നയിക്കുകയും ആണെന്ന് ബോദ്ധ്യപ്പെട്ടതിൽ നിന്നുള്ള ആശങ്കയാൽ പ്രസംഗത്തിന്റെ ചെറിയ ഇടവേളയിൽ ലഭിച്ച അവസരത്തിൽ സമാധാനമായി മറ്റൊരു തടസ്സങ്ങളും ആർക്കും വരുത്താതെ ചില നിമിഷങ്ങൾ മാത്രം എടുത്ത് ബ്രദർ തങ്കുവിനോട് രഹസ്യമായി, കേട്ട പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ;

''യേശു ക്രിസ്തുവിന്റെയും, തന്റെ ശിഷ്യൻമാരുടെയും, ലേഖന എഴുത്തുകാരനായ പൗലോസിന്റെയും ജീവിതവും രീതികളും ഭൗതീകതയുടെയും സമ്പത്തിന്റേയും അടിസ്ഥാനത്തിലായിരുന്നുവോ'' എന്നതിനുകൂടി വ്യക്തത വരുത്തിത്തരണമെന്ന് ആവശ്യപ്പെട്ടു. അതിനു ശേഷം ഞാൻ ഗ്രൗണ്ടിലേക്ക് തിരികെ ഇറങ്ങി വരുമ്പോൾ സ്റ്റേജിനുള്ളിൽ ആയിരുന്ന അവരുടെ ആൾക്കാരായ നടത്തിപ്പുകാർ പ്രസംഗകരുടെ പ്രേരണയാൽ എന്നെ പിൻതുടർന്ന് ബലമായി പിടിക്കുകയും, സാമ്പത്തികം തന്നെയാണ് അവരുടെ ലക്ഷ്യമെന്നും എന്റെ എല്ലാ സംശയത്തിനും അപ്പോൾത്തന്നെ മറുപടി തീർത്തു തരാം എന്നും ആക്രോശിച്ചുകൊണ്ട് സ്റ്റേജിന്റെ പിൻഭാഗത്തേക്ക് എന്നെ വലിച്ചിഴച്ചുകൊണ്ട് പോയി ക്രൂരമായി മർദ്ദിക്കുകയും അതിൽ നിന്നും രക്ഷപെടുവാൻ ശ്രമിക്കുമ്പോൾ വീണ്ടും ഉപദ്രവിച്ച് റോഡിലേക്ക് തള്ളി ഇറക്കി വിടുകയും ചെയ്തു, അതിനെ തുടർന്ന് എനിക്കു ചില ദിവസങ്ങൾ ആശുപത്രിയിൽ ചികിത്സയിൽ കഴിയേണ്ടതായും വന്നു. പല ദിവസങ്ങൾ കഴിഞ്ഞിട്ടും ഉത്തരവാദിത്വപ്പെട്ടവർ ആരും തന്നെ ഈ അന്യായ നടപടികളിൽ ഖേദം പ്രകടിപ്പിക്കുകയോ മറ്റോ ചെയ്യാതെ തന്നെ ആത്മീയ ശുശ്രൂഷകൾ എന്ന് ചിന്തിച്ച് പലതും ചെയ്യുകയും വളരെ വിശുദ്ധിയോടെ ചെയ്യേണ്ട സ്നാനവും, തിരുമേശയും യാതൊരു കുറ്റ ബോധവും ഇല്ലാതെതന്നെ നടത്തി വരികയും ചെയ്യുന്നു എന്നറിഞ്ഞതു കൊണ്ടാണ് ഇങ്ങനെ ഒരു പരസ്യപ്പെടുത്തലിനായി താൽപര്യപ്പെടുന്നത്.

ഇങ്ങനെയുള്ള ദുരുപദേശത്തിന്റേയും,സത്യവിരുദ്ധ പ്രവണതകളുടേയും അപകട സാധ്യതകൾ മുൻനിർത്തി സത്യവിശ്വാസികളുടെ ചിന്തകൾ യാഥാർത്ഥ്യത്തിലേക്ക് തിരിയുവാനും ഇങ്ങനെയുള്ള ആൾ ദൈവങ്ങളുടെയും നികൃഷ്ടബുദ്ധികളുടേയും യഥാസ്ഥാനത്തിനായും നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ച് പ്രവർത്തിക്കാം.

എന്ന് പാസ്റ്റർ ജോർജ്ജുകുട്ടി

# ശരിയും തെറ്റും

സ്വർഗ്ഗീയ വരുന്നുണ്ടു ബലപ്പെട്ട ചിലർ പാസ്റ്റർ ജോർജുകുട്ടി എന്നൊരാൾക്ക് കൈവയ്പ്പു നൽകി അനുഗ്രഹിച്ച കഥ വിവിധ പെന്തക്കോസ്ത് പത്രങ്ങളിൽ വാർത്ത ആയിരുന്നു. ഈ സംഭവത്തെപ്പറ്റി വിവരിക്കുന്ന ഒരു കത്ത് പാസ്റ്റർ ജോർജുകുട്ടി ഡിഫെൻഡറിന് അയച്ചുതരുകയുണ്ടായി. വായനക്കാരുടെ അറിവിലേക്ക് അത് ഇവിടെ പ്രസിദ്ധീകരിക്കുന്നു.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഡിഫെൻഡറിന് എന്താണു പറയാനുള്ളത് എന്നു കൂടി വ്യക്തമാക്കുകയാണ്.

1. സ്വർഗ്ഗീയ വിരുന്ന് എന്ന പ്രസ്ഥാനം ഗുരുതരമായ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന ഒരു കൾട്ടാണ്. തങ്കുവാണ് ഈ പ്രസ്ഥാനത്തിന്റെ ജീവാത്മാവും പരമാത്മാവും. തങ്കു പറയുന്നതെല്ലാം ഇവരുടെ വേദവാക്യമാണ്. പക്ഷേ ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന ആർക്കും തങ്കുവിന്റെ ഉപദേശങ്ങൾ സ്വീകരിക്കാനാവില്ല.

2. ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ്. അഭിപ്രായ സ്വാതന്ത്ര്യമെന്നത് ഇന്ത്യൻ പൗരന്റെ മൗലീകാവകാശമാണ്. അതുകൊണ്ട് തങ്കുവിന് ദുരുപദേശപ്രചരണം നടത്താനുള്ള അവകാശമുണ്ട്. ഈ ഉപദേശങ്ങൾ അംഗീകരിക്കാൻ തയ്യാറുള്ളവർ അതു കേൾക്കാനും വരുന്നു. ഡിഫെൻഡറിനും ജോർജ്കുട്ടിക്കും മറ്റുള്ളവർക്കും ഈ ഉപദേശങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ തങ്കുവിന്റെ യോഗം നടക്കുന്നിടത്തു ചെന്ന് തങ്കുവിനെ എതിർക്കുന്നതു ശരിയായ നടപടിയല്ല.

3. പാസ്റ്റർ ജോർജുകുട്ടി സ്വന്തം അനുഭവം വിവരിക്കുന്നതല്ലാതെ പത്തനാപുരത്ത് എന്താണു സംഭവിച്ചതെന്ന് അറിഞ്ഞുകൂടാ. ജോർജുകുട്ടി പറഞ്ഞതു പൂർണ്ണമായും ശരിയാണ് എന്നു സങ്കല്പിച്ചുകൊണ്ടു വിലയിരുത്തിയാലും ഈ വിഷയത്തിൽ ജോർജുകുട്ടിക്ക് തെറ്റു പറ്റിയിട്ടുണ്ട്. തങ്കു പറഞ്ഞ കാര്യങ്ങളോടു വിയോജിപ്പുണ്ടെങ്കിൽ അതു പറയേണ്ടത് പ്രസംഗത്തിനിടയിലല്ല. തങ്കുവിന്റെ യോഗസ്ഥലത്തു ചെന്ന് ഈ വിധത്തിൽ പെരുമാറിയാൽ തങ്കുവിനെ ദൈവത്തിന്റെ പ്രതിപുരുഷനായി കാണുന്നവർക്കു സഹിക്കാൻ കഴിയുകയില്ല. വീണ്ടുംജനനം എന്നാൽ എന്ത് എന്നുപോലും നിശ്ചയമില്ലാത്ത തങ്കുഭക്തർ ഇത്തരം സന്ദർഭങ്ങളിൽ അക്രമം അഴിച്ചു വിടുന്നത് സ്വാഭാവികമാണ്.

4. തങ്കുവിനെ ചോദ്യം ചെയ്തു എന്ന കാരണത്താൽ ജോർജ്കുട്ടിയെ മർദ്ദിച്ച തങ്കുഭക്തരും ഇതിനു പ്രേരിപ്പിച്ച തങ്കുവും തങ്ങളുടെ തനിനിറം വെളിപ്പെടുത്തിയിരിക്കയാണ്. ചെയ്തതു തെറ്റായിപ്പോയി എന്ന് ഇവരിൽ ആർക്കും നാളിതുവരെ തോന്നിയിട്ടുമില്ല. മാമോന്റെ ദാസൻമാരായ ഇവർക്ക് ഇങ്ങനെയൊക്കെയല്ലേ പ്രവർത്തിക്കാനാവൂ.

5. തങ്കു, അവറാൻ, സുരേഷ് ബാബു, മുല്ലക്കര, സാമച്ചൻ, എം.എ.വർഗീസ്, റാം ബാബു തുടങ്ങിയവരുടെ യോഗങ്ങളിൽ പങ്കെടുക്കുന്നവർ സൂക്ഷിക്കുക. എതിർത്ത് ഒരു വാക്കെങ്കിലും പറഞ്ഞാൽ അടി കിട്ടും.

# കെ.പി.കുര്യൻ അകത്ത് അച്ചൻകുഞ്ഞു പുറത്ത്

ഐ.പി.സി ആമല്ലൂർ (തിരുവല്ല) സഭയുടെ പാസ്റ്ററായ കെ.പി.കുര്യനെ ശുശ്രൂഷകസ്ഥാനത്തു നിന്നു ടി.എസ്.ഏബ്രഹാം പുറത്താക്കിയ നടപടി കോടതി റദ്ദാക്കി. (റ്റി.എസ്.ഏബ്രഹാം പുറപ്പെടുവിച്ച സർക്കുലറിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു). പുറത്താക്കിയിട്ടും ആമല്ലൂർ സഭയിൽ തുടർന്നിരുന്ന കെ.പി.കുര്യൻ ഇപ്പോൾ ഔദ്യോഗിക പാസ്റ്ററായി മാറി. അതോടെ വെട്ടിലായത് അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ നേതൃത്വത്തിലുള്ള വിമതപക്ഷമാണ്. അവർക്കിപ്പോൾ സഭയില്ല. കുര്യനെ മറ്റേതെങ്കിലും സഭയിലേക്കു മാറ്റിക്കൊണ്ടു പ്രശ്നം പരിഹരിക്കാൻ ശ്രമം നടക്കുന്നുണ്ടെങ്കിലും ദീർഘ വർഷങ്ങളായി ഒരേ സഭയിൽ തുടരുന്ന കെ.സി.ജോൺ ഉൾപ്പെടെയുള്ളവരെ മാറ്റിയാൽ മാത്രമേ താനും മാറു എന്നാണു കുര്യൻ ശഠിക്കുന്നത്.

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭ കേരള സംസ്ഥാനത്ത് തിരുവല്ല ആമല്ലൂർ ലോക്കൽ സഭ പാസ്റ്റർ ആയ കെ.പി. കുര്യനെ അറിയിക്കുന്നത്,

ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ ആമല്ലൂർ ലോക്കൽ സഭാ പാസ്റ്റർ ആയ താങ്കൾ, 6-6-2005 ൽ ഐ.പി.സി. ജനറൽ കൗൺസിലിന്റെ ഒരു അടിയന്തിര യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ജനറൽ കൗൺസിൽ യോഗത്തിൽ അനധികൃതമായി പ്രവേശിക്കുകയും അപമര്യാദയായി പലകാര്യങ്ങൾ സംസാരിക്കുകയും കസേര തന്നത്താൻ എടുത്തിട്ട് ജനറൽ കൗൺസിൽ ഔദ്യോഗിക ഭാരവാഹികൾക്കൊപ്പം വേദിയിൽ ഇരിക്കുകയും യോഗനടപടികളുടെ റിപ്പോർട്ട് എഴുതിക്കൊണ്ടിരുന്ന ബുക്ക് ജോയിന്റ് സെക്രട്ടറിയുടെ പക്കൽ നിന്ന് ബലാൽക്കാരമായി പിടിച്ച് വാങ്ങുകയും ജനറൽ ട്രഷററെ കൈയ്യേറ്റം ചെയ്യുവാൻ ശ്രമിക്കുകയും അത്യന്തം ഭയാനകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും നിരന്തരമായി അസഭ്യം വിളിച്ചും അട്ടഹസിച്ചും ജീവന് ഭീഷണി പറഞ്ഞും പ്രവർത്തിക്കുകയും ഉണ്ടായല്ലോ.

മാത്രവുമല്ല, തുടർന്നും താങ്കൾ, ഐ.പി.സി. ജനറൽ പ്രസിഡന്റ്, ജനറൽ ട്രഷറർ തുടങ്ങിയ ഭാരവാഹികളെ എല്ലാം വ്യക്തിപരമായി അപമാനിക്കുകയും സഭാ മക്കളുടെയും പൊതുജനങ്ങളുടെയും മദ്ധ്യത്തിൽ അവരുടെ സൽപ്പേരിന് കളങ്കം വരത്തക്കവിധം അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും സ്വഭാവഹത്യ നടത്തുകയും കൂടാതെ, സഭയിലെ പ്രധാന പ്രവർത്തകരിൽ ഒരാളും സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറിയുമായ ബ്രദർ വർഗ്ഗീസ് മരത്തിനാലിനെയും മക്കളെയും, അദ്ദേഹത്തിന്റെ എൺപതു വയസ്സുള്ള മാതാവിനെയും മറ്റും അധിക്ഷേപിച്ച് നീതിക്കും സദാചാരത്തിനും വിരുദ്ധമായി പെരുമാറുകയും ചെയ്തിട്ടുള്ളതാണല്ലോ. താങ്കൾക്ക് അതുസംബന്ധമായി സദാ നേതൃത്വത്തിലുള്ള പലരും ഉപദേശങ്ങൾ നൽകി എങ്കിലും അവയെല്ലാം അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുകയും മേൽവിധമുള്ള ഗുരുതരമായ അച്ചടക്കവിരുദ്ധ പ്രവർത്തനങ്ങൾ നിരുപാധികം തുടരുകയും ചെയ്തതാണല്ലോ. താങ്കൾ ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ/പ്രസ്ബിറ്ററി അംഗമാകയാൽ ആവിധ പ്രവർത്തികൾക്ക് എതിരായി നടപടിക്കായി ജനറൽ കൗൺസിൽ കേരളാ സ്റ്റേറ്റ് കൗൺസിലിലേക്ക്/പ്രസ്ബിറ്ററിയിലേക്ക് റഫർ ചെയ്തുവെങ്കിലും 31-8-2005 ലെ ജനറൽ കൗൺസിലിന്റെ റഫറൻസിനുമേൽ ഒരു നടപടിയും സ്വീകരിക്കാതെ, കേരളാ സ്റ്റേറ്റ് കൗൺസിൽ - പ്രസ്ബിറ്ററി 5-10-2005ൽ റഫറൻസ് മടക്കി അയച്ചതാണല്ലോ.

താങ്കൾ വീണ്ടും അസഹ്യമായ ആരോപണങ്ങളും ഭീഷണിയും തുടരുകയാൽ ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയുടെ 2002-ൽ പരിഷ്കരിച്ച ഭരണഘടനയുടെയും അസോസിയേഷൻ മെമ്മോറാണ്ടത്തിന്റെയും ആർട്ടിക്കിൾ VIII വകുപ്പ്-1, ഉപവകുപ്പ് (4) അനുസരിച്ചും ആർട്ടിക്കിൾ XIII വകുപ്പ് V അനുസരിച്ചും ജനറൽ പ്രസിഡന്റിനുള്ള അംഗീകാരം ഉപയോഗിച്ച് പാസ്റ്റർ കെ.പി. കുര്യൻ ആയ താങ്കളെ ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയിലെ സഭാ ശുശ്രൂഷകൻ എന്ന സ്ഥാനത്തുനിന്നും, ഇനിയും ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ നീക്കം ചെയ്തിരിക്കുന്നു.

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ ഏതെങ്കിലും സ്ഥാനത്തോ, സമിതികളിലോ, സ്ഥാനി എന്നനിലയിലോ, അംഗമെന്ന നിലയിലോ പ്രവേശിക്കുന്നതിനോ, പ്രവർത്തിക്കുന്നതിനോ ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ താങ്കൾക്ക് അനുവാദമോ, അവകാശമോ ഇല്ലന്നും, ഐ.പി.സി. ഭരണഘടന അർട്ടിക്കിൾ VIII വകുപ്പ്-1 ഉപവകുപ്പ് (7) പ്രകാരമുള്ള അധികാരത്തിലും സർവ്വോപരി ഈ സഭയുടെ അന്തസത്തയും വിശ്വാസവും നിലനിൽപ്പും പാലിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നുള്ള ഉത്തമ താൽപര്യത്തിലും വിശ്വാസത്തിലും ബോദ്ധ്യത്തിലും വിശ്വാസത്തിലും ഈ നടപടി സ്വീകരിച്ചതാണെന്നും താങ്കളെ അറിയിക്കുന്നു.

താങ്കൾ ഐ.പി.സി ജനറൽ പ്രസിഡന്റിന് എതിരായി ആരോപണങ്ങൾ ഉന്നയിക്കുകയാൽ ഇതു സംബന്ധമായി താങ്കൾക്ക് എന്തെങ്കിലും സമാധാനം ബോധിപ്പിക്കണമെങ്കിൽ ഐ.പി.സി. ജനറൽ കൗൺസിൽ/പ്രസ്ബിറ്ററി മുൻപാകെ വിശദീകരണം നൽകാമെന്നും ഇന്നു മുതൽ 30 (മുപ്പതു) ദിവസത്തിനകം അപ്രകാരം സമാധാനം ബോധിപ്പിക്കാമെന്നും ഇതു സംബന്ധമായി ഉചിത നടപടികൾ സ്വീകരിക്കുന്നതിന് ഐ.പി.സി ജനറൽ കൗൺസിൽ/പ്രസ്ബിറ്ററിയെ ചുമതലപ്പെടുത്തുന്നതായും ഇതിനാൽ അറിയിക്കുന്നുന്നു.

എന്ന്,

ഐ.പി.സി. ജനറൽ പ്രസിഡന്റ് 07-10-2005

(പാസ്റ്റർ റ്റി.എസ്.ഏബ്രാഹാം)


# സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയേപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.
വിദേശത്ത് - 100 ഡോളർ. പോസ്റ്റേജ് സൗജന്യം.

<u>ലൈബ്രറി സി.ഡികൾ</u>:

1. വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി - 1900 രൂപ
2. ലൈബ്രറി ഓഫ് തിയോളജി - 900 രൂപ

രണ്ടു സെറ്റുകളും ഒന്നിച്ചു വാങ്ങിയാൽ 2500 രൂപ മാത്രം. വിദേശത്തുള്ളവർ രണ്ടു സെറ്റുകൾക്ക് 100 ഡോളർ അയയ്ക്കുക. (1900 രൂപ നൽകി വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി വാങ്ങിയിട്ടുള്ളവർ ലൈബ്രറി ഓഫ് തിയോളജിക്ക് 900 രൂപക്കു പകരം 600 രൂപ മാത്രമേ നൽകേണ്ടതുള്ളൂ.).

എല്ലാ സി.ഡികളും ഒന്നിച്ചു വാങ്ങുന്നവർ 4600രൂപയ്ക്കു പകരം 4000 രൂപ നൽകിയാൽ മതിയാകും. വിദേശം: $200 എല്ലാ സി.ഡികൾക്കും പോസ്റ്റേജ് സൗജന്യം. ഗൾഫിലുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചുതരിക. (ഗൾഫിലേക്കു സി.ഡി അയയ്ക്കുന്നതു സുരക്ഷിതമല്ല).

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# ഇനിയെങ്കിലും ബ്ലസ്സിംഗിനെ ഒഴിവാക്കണം

ഒരബദ്ധമൊക്കെ ഏതു പോലീസുകാരനും പറ്റും എന്നു നമുക്കറിയാം. അതുകൊണ്ട് അബദ്ധം പറ്റിയവരോടു കരുണ കാണിക്കുകയും ക്ഷമിക്കുകയും ചെയ്യണം. പക്ഷേ എന്നും അബദ്ധം പറ്റുകയാണെങ്കിൽ – ജീവിതം അബദ്ധങ്ങളുടെ ഘോഷയാത്രയാണെങ്കിൽ – ക്ഷമിക്കാനാവില്ല. ബർണ്ണാഡ് ബ്ലസ്സിംഗിന്റെ കാര്യത്തിലും ഈ നിലപാടാണ് ഡിഫെൻഡർ സ്വീകരിച്ചിരിക്കുന്നത്.

ബ്ലസ്സിംഗിനെക്കുറിച്ച് ഏറെയൊന്നും നമുക്ക് അറിയാമായിരുന്നില്ല. അതുകൊണ്ട് നമ്മൾ ബ്ലസ്സിംഗിനെ വിളിച്ചു യോഗങ്ങൾ നടത്തി. അയാളുടെ പ്രവചനങ്ങൾ കേട്ട് ആത്മാവിലായി. അയാൾ നടത്തുന്ന അത്ഭുതങ്ങൾ കണ്ടു വണ്ടറടിച്ചു. ബ്ലസ്സിംഗ് ഒറിജിനൽ ദൈവദാസനാണെന്നു കരുതി മാനിച്ചു. വീണ്ടും യോഗത്തിനു വിളിക്കയും ചെയ്തു. പക്ഷേ ഇപ്പോഴിതാ കള്ളി വെളിച്ചത്തായിരിക്കുന്നു.

ബ്ലസ്സിംഗിനെ ഡിഫെൻഡർ സംശയത്തോടെയാണു വീക്ഷിച്ചിരുന്നത്. എങ്കിലും വേണ്ടത്ര തെളിവുകൾ ലഭിക്കാത്തതുകൊണ്ട് ഏറെയൊന്നും എഴുതിയില്ല. പക്ഷേ കഴിഞ്ഞ വർഷം ഗൾഫിൽ നടന്ന മീറ്റിംഗിന്റെ വീഡിയോ കണ്ടതോടെ കാര്യം പിടികിട്ടി: കക്ഷി വ്യാജൻ തന്നെ. അതുകൊണ്ട് ഇയാളുടെ കോപ്പാംപീച്ചികൾ അടങ്ങുന്ന വീഡിയോ ക്ലിപ്പുകൾ ഡിഫെൻഡറിന്റെ യൂട്യൂബ് ലിങ്കിൽ ഉൾപ്പെടുത്തി. http://tsbalan.com/youtube.html



ഇപ്പോഴിതാ ഈ വിദ്വാൻ വീണ്ടും വാർത്ത സൃഷ്ടിച്ചിരിക്കുന്നു. കള്ളം പറയുന്ന കാര്യത്തിൽ നമ്മുടെ അത്ഭുത വീരൻമാരെ വെല്ലുന്ന കക്ഷിയാണ് ഇയാൾ എന്നു വ്യക്തമായിരിക്കുന്നു. പക്ഷേ മുൻകൂട്ടി തീരുമാനിച്ചു പോയതുകൊണ്ട് ലണ്ടനിലും ലിവർപൂളിലും ബ്ലസ്സിംഗിന്റെ യോഗങ്ങൾ നടത്തി. ഇത്ര വലിയ ഒരു കള്ളനെ വിളിച്ചു യോഗം നടത്തിയതു തെറ്റായിപ്പോയി എന്നതിനു സംശയമില്ല. എങ്കിലും ക്ഷമിക്കുന്നു.

ഈ കുറിപ്പ് എഴുതുന്നതിന്റെ ഉദ്ദേശ്യം തലക്കെട്ടിൽ നിന്നുതന്നെ ഊഹിക്കാമല്ലോ. ബ്ലസ്സിംഗ് കള്ളനാണെന്നു തെളിഞ്ഞുകഴിഞ്ഞു. ഇനിയെങ്കിലും ഇയാളെ ഒഴിവാക്കണം.

വ്യാജൻമാരാണെന്നു വ്യക്തമായിക്കഴിഞ്ഞിട്ടും പെന്തക്കോസ്തുകാർ സുരേഷ് ബാബു, എം.എ.വർഗീസ്, സാമച്ചൻ, മുല്ലക്കര, ഹാരി ഗോംസ്, അവറാൻ തുടങ്ങിയവരെ വിളിച്ചു യോഗങ്ങൾ നടത്തുന്നുണ്ട്. ബ്ലസ്സിംഗിന്റെ കാര്യത്തിലും ഇതു സംഭവിക്കും എന്നറിയാം. അതുകൊണ്ടാണ് ഈ മുന്നറിയിപ്പു പ്രസിദ്ധീകരിക്കുന്നത്.

മറ്റു വ്യാജൻമാർക്കെതിരെ പ്രതികരിച്ചതുപോലെ ഡിഫെൻഡർ ബ്ലസ്സിംഗിനെതിരെ നാളിതുവരെ പ്രതികരിച്ചിട്ടില്ല. പക്ഷേ ഇനി ഇതായിരിക്കില്ല സംഭവിക്കുക. ബ്ലസ്സിംഗിനെതിരെയും ഇയാളെ പ്രസംഗത്തിനു വിളിക്കുന്നവർക്കെതിരെയും ഡിഫെൻഡർ ശക്തമായി പ്രതികരിക്കും.

ബഹറിനിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഗൾഫ് ഡെയ്‌ലി ന്യൂസ് എന്ന പത്രത്തിന്റെ 2008 ജൂൺ 2 ലക്കത്തിൽ ബർണ്ണാഡ് ബ്ലസ്സിംഗിനെക്കുറിച്ചു വന്ന വാർത്ത താഴെ കൊടുക്കുന്നു.
For details, visit: **http://www.gulf-daily-news.com/NewsDetails.aspx?storyid=219125**

## A spirited fraud

By BEGENA P PRADEEP,
Posted on June 02, 2008

A BAHRAIN religious group is trying to track down an African spiritualist who allegedly accepted thousands of dinars from people in Bahrain after promising to resurrect their dead relatives, the GDN has learned. Reverend Dr Bernard Ankomah pledged to use the money to launch a Christian gospel channel in Africa.

However, three years later, the people who brought him here are unable to contact him - saying he does not reply to their e-mails and his phone numbers are not in use.

It is the latest in a series of allegations that religious leaders could have conned believers in Bahrain out of their hard-earned cash.

But Pastor Koshy Eappen, whose group called The Father's House helped bring Dr Ankomah to Bahrain, was reluctant to accuse the preacher of any wrongdoing yesterday. "I still don't want to believe that he has cheated us because I am not a judge," he told the GDN.

"But many people who had given money are asking me if I have any news about the preacher.

"I had tried to contact him by e-mail and there is no response.

"I made many phone calls to his numbers and they don't seem to exist now."

Dr Ankomah led services for two days at the National Evangelical Church (NEC), Manama, during a three-day Christian convention in June 2005. He claimed to have the power to resurrect dead people and the third day of his visit was held at The Palace hotel, Adliya, because the NEC could no longer contain the crowd.

The Ghanaian, who is reportedly settled in the UK, also addressed church leaders and pastors at the Alan Morris Hall in St Christopher's Church, Manama.

He collected BD30,000 during his visit after accepting donations of at least BD100 each from 300 believers, saying it was to launch the gospel-based channel in Africa, said Pastor Eappen.

"Believers willingly gave money after they were told by the preacher that it was to start a gospel channel in Africa," he said.

"No one was forced and it was a public meeting attended by hundreds of people from various churches in Bahrain.

"Just before the Bahrain meeting, he was in Kuwait and since we had heard about him a lot earlier, we decided to invite him here for the benefit of believers."

However, worshippers who attended the events told the GDN that many people parted with their cash after Dr Ankomah claimed during personal meetings that he had the power to resurrect the dead. The preacher also promised to keep contributors updated by e-mail about the TV channel, but nobody has so far received any feedback.

Mr Eappen claimed he had no clue that Dr Ankomah would collect money from worshippers.

However, one such contributor - who spoke to the GDN on condition of anonymity - said he was mesmerised by the preacher's talk and stood in a long queue to offer the BD100.

"No one, who I know, who gave the money has received any feedback yet," he added.

"God knows that we gave the money out of faith and we will get blessings in return.

"If we are cheated then God will punish him."

Another Indian worshipper said he also paid BD100, but claimed he did not do it to resurrect his dead relatives.

"I have attended many meetings by many Christian preachers in Bahrain and most of them claim they can perform miracles," he said.

"But this preacher said he could resurrect dead people and had recently brought back to life four dead people in Kuwait. However, he did not make the claim publicly - only when the worshippers went to meet him personally.

"I was not very sure of this and did not give money for the resurrection because birth, like death, is God's will and should not be contested. However, I know many people tried to meet the preacher personally to know if he could resurrect their loved ones."

Another Indian worshipper who attended the meeting said his female schoolmate gave the preacher money after he convinced her that he could bring a famous Indian singer back to life.

"I remember very well scolding her for falling for the trick, but she refused to listen," he said.

"When I asked her a few days later about it, she replied that the resurrected would be reborn in some part of the world with a different identity.

"She still does not believe that she was tricked."

The GDN reported last week that the homes of two preachers, who had previously visited Bahrain, were raided by police as part of a wide-ranging investigation into the finances of Indian spiritual leaders.

However, neither Brother Thangu nor K P Yohannan were immediately arrested.

But Indian guru Santosh Madhavan, who made a number of fundraising trips to Bahrain, has been arrested.

It is claimed he duped his followers here out of up to BD60,000, but is now facing a string of charges in Kerala including rape, drug possession and fraud.






# ഏലിയാസ് പോയിട്ടില്ല



പി.ഒ.ഏലിയാസ് പറന്നില്ല. പറക്കാനുള്ള മോഹവുമായി പെരുമ്പാവൂരിൽ വട്ടം ചുറ്റുകയാണ്. ഡിഫെൻഡറാണ് ഏലിയാസിന്റെ അമേരിക്കൻ മോഹങ്ങൾക്കു തടയിട്ടത്.

കടം കയറി മുടിഞ്ഞു നിൽക്കുന്ന കാലത്താണ് പി.ഒ. ഏലിയാസ് ഗോസ്പൽ ഇൻ ആക്ഷൻ തുടങ്ങിയത്. യാചകർ, ആദിവാസികൾ തുടങ്ങിയവരുടെ പേരു പറഞ്ഞ് ഏലിയാസ് പിരിച്ചു. അങ്ങനെ ഗോസ്പൽ ഇൻ ആക്ഷൻ വളർന്നു. ഒപ്പം ഏലിയാസും വളർന്നു. ''പളളിക്കു പാതി, നമുക്കു പാതി'' എന്ന നിരക്കിലാണ് പി.ഒ.ഏലിയാസ് പിരിച്ചത്. ഫിഫ്റ്റി ഫിഫ്റ്റി ഇടപാട്. നൂറു രൂപ പിരിഞ്ഞു കിട്ടിയാൽ ഗോസ്പൽ ഇൻ ആക്ഷന് 50, ഏലിയാസിന് 50. അതാണു കണക്ക്. ''ഇതു ശരിയായ നടപടിയാണോ'' എന്ന ചോദ്യത്തിന് ഏലിയാസ് കൊടുത്ത മറുപടി ഇതാണ്: ''ഞാൻ ഈ ബാഗും തൂക്കി നടക്കുന്നതു മോക്ഷം കിട്ടാനാണോ?'' അല്ലെന്നു വ്യക്തം. കാരണം, ബാഗും തൂക്കി നടന്നാൽ മോക്ഷം കിട്ടുമെന്ന് ഒരു മതഗ്രന്ഥത്തിലും പറയുന്നില്ല. ഏലിയാസിനെപ്പോലൊരാൾ നേരായ വഴിയിലൂടെ കോടീശ്വരനാകുക എന്നത് അത്ര എളുപ്പം സാധിക്കുന്ന കാര്യമല്ല. പക്ഷേ സുവിശേഷത്തിന്റെ മറവുണ്ടെങ്കിൽ പണം ഒഴുകിയെത്തും. അങ്ങനെ ഏലിയാസ് കോടീശ്വരനായി. പക്ഷേ പണക്കൊതി അനുദിനം വർദ്ധിച്ചുവന്നു.

എന്തിനും ഏതിനും ഒരു നിയന്ത്രണമൊക്കെ വേണമല്ലോ. അതുകൊണ്ടാണ് ഡിഫെൻഡർ ഇപ്പോൾ ഏലിയാസിന് ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. പി.ഒ.ഏലിയാസ് അമേരിക്കയിലേക്കു യാത്ര തിരിച്ചതായി അറിഞ്ഞാലുടൻ ഇയാളുടെ തട്ടിപ്പുകളെക്കുറിച്ചുള്ള വിശദമായ ലേഖനം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങും.

# എനിക്കുള്ളതു വീട്ടിലെത്തിക്കൂ

അടുത്ത കാലത്തു നടന്ന ഒരു സംഭവമാണു പറയാൻ പോകുന്നത്. ദ്രവ്യാഗ്രഹി എന്നു പേരെടുത്ത ഒരു നേതാവ് അമേരിക്കൻ പര്യടനം നടത്തുകയാണ്. പരിചയമുള്ളവരെ മാത്രമല്ല ഒരു പരിചയമില്ലാത്തവരെയും നേതാവു ഫോണിൽ വിളിക്കുന്നു. 'എപ്പോഴാണു ഞാൻ വീട്ടിലേക്കു വരേണ്ടത്?' അതല്ലെങ്കിൽ, 'ഞാൻ ഇതാ അങ്ങോട്ടു വരുകയാണ്' എന്നിങ്ങനെ കാര്യങ്ങൾ പുരോഗമിച്ചു. ശല്യം ഒഴിവാക്കാൻ ചിലർ നേരിൽ വന്നു കണ്ടു നേർച്ച ഇട്ടു.

അങ്ങനെ പലരെയും വിളിച്ച കൂട്ടത്തിൽ നേതാവ് അത്ര പരിചയമില്ലാത്ത ഒരാളെയും വിളിച്ചു. പക്ഷേ കക്ഷി സ്ഥലത്തില്ല. ഭാര്യയാണു ഫോണെടുത്തത്. അച്ചായൻ കേരളത്തിലേക്കു പോയിരിക്കയാണ്. നേതാവു വിട്ടില്ല. കക്ഷിയുടെ കേരളത്തിലെ നമ്പർ ചോദിച്ചു വാങ്ങി വിളിച്ചു. 'ഹലോ, ഞാൻ അമേരിക്കേന്നാ വിളിക്കുന്നത്. വീട്ടിൽ വിളിച്ചപ്പഴാ കേരളത്തിൽ പോയിരിക്കയാണെന്നറിഞ്ഞത്. എന്നത്തേക്കു തിരിച്ചുവരും?' ഒരു മാസം കഴിഞ്ഞേ ആ സഹോദരൻ മടങ്ങിയെത്തൂ. ഉടൻ നേതാവിന്റെ മറുപടി കിട്ടി: ''അപ്പോഴേക്കും ഞാൻ മറ്റൊരിടത്തേക്കു പോകും. അതുകൊണ്ട് എനിക്കു തരാനിടയുള്ളത് കേരളത്തിൽ എന്റെ വീട്ടിൽ കൊണ്ടുപോയി കൊടുത്തേക്കണം.''




# കൂടോത്രക്കാരൻ വീണ്ടും ഉഷാർ

കൂടോത്രമെടുക്കൽ വിദഗ്ദ്ധനായ സുരേഷ് കുമാർ ഉഷാറായി വീണ്ടും രംഗത്തിറങ്ങിയിരിക്കുന്നതായി അടുരുനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അടുത്ത കാലത്ത് ഉണ്ടായ ചില എതിർപ്പുകൾ മൂലം പത്തി താഴ്ത്തി കഴിഞ്ഞിരുന്ന സുരേഷിന് ഈയിടെ ചില ഗൾഫ് യാത്രകൾ തരപ്പെട്ടതോടെയാണ് പുതുശക്തി ലഭിച്ചത്. ഗൾഫിൽ ചെന്നു കൂടോത്രമെടുത്താൽ ഉണ്ടാകുന്ന 'ഗുണം' വലുതാണല്ലോ.

ഇത്തരം കലാപരിപാടികളുമായി നടക്കുന്നവർ പൊതുവെ ഒറ്റയാൻമാരായിരിക്കും. പ്രധാന പെന്തക്കോസ്ത് സഭകളിലൊന്നും അംഗത്വമുണ്ടായിരിക്കില്ല. പക്ഷേ സുരേഷ് കുമാറിന്റെ കാര്യം അങ്ങനെയല്ല. ഈ വിരുതൻ ശാരോൻ സഭയിലെ പാസ്റ്ററാണ്. അതുകൊണ്ടു വിശ്വാസ്യത വർദ്ധിക്കയും ചെയ്യുന്നു. ഏതു സ്ഥലത്തുനിന്നും കൂടോത്രം എടുക്കും എന്നതാണ് സുരേഷ് കുമാറിന്റെ പ്രത്യേകത. കൈയ്യിൽ ഒതുക്കി പിടിക്കാവുന്ന വസ്തുക്കളാണ് സുരേഷ് കൂടോത്രമായി എടുക്കുന്നത്. കൂടോത്രമെടുക്കാൻ തയ്യാറായി നിൽക്കുന്ന സുരേഷിനെ ദേഹപരിശോധനയ്ക്കു വിധേയനാക്കിയാൽ ഈ കൂടോത്രങ്ങളെല്ലാം കണ്ടെടുക്കാൻ കഴിയും എന്ന വസ്തുത പാവം വിശ്വാസികൾക്ക് അറിഞ്ഞുകൂടാ. ഇത്തരം കൂടോത്രമെടുക്കൽ വീരൻമാർ പ്രയോഗിക്കുന്ന തന്ത്രങ്ങളേക്കുറിച്ച് ഒരു ലേഖനം പിന്നാലെ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

# ചുമ്മാഡോകൾ ലജ്ജിക്കയില്ല

നാണം എന്ന വാക്കിന്റെ അർത്ഥം ചുമ്മാഡോകൾക്ക് അറിയാമോ? സാധ്യത കുറവാണ്. കാരണം, നാണമെന്തെന്ന് അറിയാവുന്നവർ ചുമ്മാഡോ ആകുമായിരുന്നില്ലല്ലോ. ''വിദൂഷക വേഷത്തിന് ഇനി വിട'' എന്ന തലക്കെട്ടിൽ റ്റി.എസ്.കപ്പമാംമൂട്ടിൽ ബിലീവേഴ്സ് ജേർണലിൽ എഴുതിയ ലേഖനം കണ്ടു. ചുമ്മാഡോകൾക്കെതിരെ ലേഖകൻ ആഞ്ഞടിച്ചിരിക്കയാണ്. ''ഉലകത്തിലെങ്ങും കേട്ടിട്ടില്ലാത്ത സർവ്വകലാശാലകളിൽ നിന്നും, അച്ചടിച്ച കടലാസ്സിന്റെ വിലപോലുമില്ലാത്ത സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ഡോക്ടർ എന്ന ലേബൽ തിരുനെറ്റിയിൽ പതിച്ചു കൊണ്ടു'' നടക്കുന്നവരെക്കുറിച്ചാണു ലേഖകൻ എഴുതുന്നത്. പക്ഷേ ഇതൊന്നും വായിച്ചാൽ ഈ കാണ്ടാമൃഗങ്ങൾക്ക് ഉളുപ്പു തോന്നുമെന്ന് ആരും കരുതേണ്ടതില്ല. ആരെല്ലാം എന്തെല്ലാം എഴുതിയാലും റവ.ഡോ.കെ.സി ജോണിനും റവ.ഡോ.ബാബു ജോർജിനും റവ.ഡോ.എം.എ.വർഗീസിനും റവ.ഡോ.ജോൺസൺ ദാനിയേലിനും ഇവൻമാരേപ്പോലുള്ള മറ്റു ശുംഭൻമാർക്കും നാണം തോന്നുകയില്ല. അത്രയ്ക്ക് അധഃപതിച്ചു കഴിഞ്ഞു ആത്മീയ മണ്ഡലം. അതുകൊണ്ട് സകല പെന്തക്കോസ്ത് പത്രങ്ങളും ചേർന്നു പരിഹസിച്ചാലും വട്ടമിട്ടുനിന്നു കൂവിയാലും ചുമ്മാഡോകൾക്ക് ഇളക്കം തട്ടില്ല. റവ. ഡോ. എന്ന് ഇവർ സ്വന്തം കൈകൊണ്ട് എഴുതിക്കൊണ്ടിരിക്കും.

# ഷാജി ദാനിയേൽ പ്രസംഗകനായതെങ്ങനെ?



ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് 2011ൽ നടത്താൻ പോകുന്ന ജനറൽ കൺവൻഷനെക്കുറിച്ചുള്ള വാർത്ത കണ്ടു. നന്നായി ബോധിച്ചു. പക്ഷേ പ്രസംഗകരുടെ കൂട്ടത്തിൽ ഷാജി ദാനിയേൽ എങ്ങനെ വന്നു എന്നു മനസ്സിലായില്ല.

ഐ.പി.സി., ശാരോൻ. എ.ജി., ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകളുടെ ജനറൽ കൺവൻഷനുകളിൽ ആരെയൊക്കെയാണു പ്രസംഗിക്കാൻ വിളിക്കേണ്ടത്? അതാതു സഭകളുടെ നേതാക്കൻമാരെ ഒഴിവാക്കാനാവില്ല. പ്രസംഗം പരമ ബോറാണെങ്കിലും ജനം സഹിച്ചുകൊള്ളും. ഇവരെ കൂടാതെ ആരെയൊക്കെ വിളിക്കാം? ഉപദേശപ്പിശകും ജീവിതപ്പിശകും ഇല്ലാത്ത ആരെയും വിളിക്കാം എന്നു സാമാന്യമായി പറയാം. എങ്കിലും ഈ യോഗ്യതകളോടൊപ്പം വചനപരിജ്ഞാനം, നന്നായി പ്രസംഗിക്കാനുള്ള കഴിവ് തുടങ്ങിയ യോഗ്യതകൾ കൂടി ഉള്ളവരെ വേണം വിളിക്കാൻ. ഷാജി ദാനിയേലിന് ഈ യോഗ്യതകളുണ്ടോ?

ബഥേൽ പി. ജേക്കബ്ബിന്റെ ഡാളസ്സിലുള്ള സഭയിലെ അംഗമാണു ഷാജി ദാനിയേൽ. ചർച്ച് ഓഫ് ഗോഡിലെ അംഗമല്ല എന്നു ചുരുക്കം. അതുകൊണ്ട് മറ്റെന്തെങ്കിലും കാരണത്താലാകാം ക്ഷണിച്ചത്. അതെന്താണ്? എടുത്തു പറയത്തക്ക വചനപരിജ്ഞാനമൊന്നും ഇദ്ദേഹത്തിനില്ല. ജീവിതപ്പിശകുള്ളതായും അറിവില്ല. ബഥേലിന്റെ സഭയിൽ അംഗമായിരിക്കുന്നു, റാം ബാബുവിനെപ്പോലുള്ളവരെ വിളിച്ചു കൊണ്ടുവന്നു പ്രസംഗിപ്പിക്കുന്നു തുടങ്ങിയവ പരിഗണിക്കുമ്പോൾ ഷാജി ദാനിയേൽ ഒരു വിവരദോഷിയാണെന്നു വ്യക്തമാകും. അങ്ങനെയെങ്കിൽ എന്തു കാരണത്താലാണ് ഇദ്ദേഹത്തെ ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷനു പ്രസംഗിക്കാൻ വിളിക്കുന്നത്? ഇദ്ദേഹത്തിന്റെ പോക്കറ്റിന്റെ വലിപ്പം കണ്ടിട്ടാണോ? ആണെങ്കിൽ ഡിഫെൻഡറിനു ജോലിയായി. ചർച്ച് ഓഫ് ഗോഡ് നേതൃത്വം ഈ വിഷയത്തിന് ഒരു വിശദീകരണം തരുമെന്നു പ്രതീക്ഷിക്കുന്നു. അതു കണ്ടിട്ടാകാം തുടർന്നുള്ള എഴുത്ത്.

# അമ്മേത്തല്ലിയവൻ അധ്യാപകൻ

അമ്മേത്തല്ലിയാലും രണ്ടു പക്ഷം എന്നു കേട്ടിട്ടുണ്ട്. പക്ഷേ അമ്മേത്തല്ലിയാൽ അധ്യാപകനാകാം എന്ന് ഇപ്പോഴാണ് അറിയുന്നത്. ഒരു വിശുദ്ധൻ സ്വന്തം ഭാര്യയെ ഭ്രാന്തിയായി മുദ്രകുത്തിയതും അടിച്ചിറക്കിയും ഹസ്സനെക്കൊണ്ടു വിളിപ്പിച്ചതും മറ്റും കഴിഞ്ഞ ലക്കങ്ങളിൽ വിശദീകരിച്ചിരുന്നല്ലോ. ഈ വിശുദ്ധന്റെ മൂത്ത മകൻ അമ്മയെ തല്ലുകയും രണ്ടാമൻ അമ്മയെ തള്ളി താഴെയിടുകയും ചെയ്തു. ഈ വിവരവും ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഈ അണലിസന്തതികൾ ഇപ്പോൾ എന്തു ചെയ്യുന്നു? മൂത്തവൻ സണ്ടെസ്കൂളിൽ പഠിപ്പിക്കുന്നു. ഇളയവൻ ഗായകസംഘത്തോടൊപ്പം പാട്ടു പാടുന്നു. പോരെ പൂരം!

അമ്മെ തല്ലിയവൻ കുട്ടികളെ ദൈവവചനം പഠിപ്പിച്ചാൽ എങ്ങനെയിരിക്കും? ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്. (സംഭവം നടക്കുന്നത് അമേരിക്കയിലായതുകൊണ്ട് 51നു പകരം 26 മാത്രമേ പിഴയ്ക്കൂ.) മാത്രമല്ല, അവനിലുള്ള ശാപത്തിന്റെ ശക്തി ഈ കുഞ്ഞുങ്ങളിലേക്കും വ്യാപിക്കും. അവരും മാതാപിതാക്കളെ തല്ലും. കുറഞ്ഞപക്ഷം ചീത്തവിളിക്കയെങ്കിലും ചെയ്യും. അമ്മയെ പിടിച്ചു തള്ളിയവൻ ആരാധനയ്ക്കു നേതൃത്വം നൽകിയാലോ? ഈ തോന്ന്യാസങ്ങൾ അനുവദിച്ചു കൊടുക്കുന്ന പാസ്റ്ററും മറ്റും ഭാരവാഹികളും ദൈവമുൻപാകെ കണക്കു കൊടുക്കേണ്ടതായി വരും. ഈ തെറ്റുകൾ തിരുത്തിയാൽ നന്ന്.

# കിഴവിക്കഥ: ചുമ്മാ ഡോ വഹ

കുമളി സ്വദേശിയായ യേശുദാസ് എന്നൊരാൾ യെരുശലേമിലെ ട്രൂത്ത് യൂണിവേഴ്സിറ്റിയിൽ നിന്നു ഡോക്ട്രേറ്റ് നേടിയ കഥ ഏതാനും മാസം മുൻപു ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. മേൽപ്പടി യെരുശലേം ബാംഗ്ലൂരിലാണെന്നും ട്രൂത്ത് യൂണിവേഴ്സിറ്റിയിൽ ട്രൂത്ത് അശ്ലേഷമില്ലെന്നും യേശുദാസന്റെ ഡോക്ടറേറ്റ് ചുമ്മാഡോ ആണെന്നും പിന്നീടു തെളിഞ്ഞു. ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്. ഈ ഡാക്കിട്ടർ ഈയിടെ ഒരു കിഴവിക്കഥ പറഞ്ഞു. സംഭവം ചുരുക്കി പറയാം.

ക്ഷണിക്കപ്പെട്ട അതിഥിയായി ചുമ്മാഡോ ഒരു സഭയിലെത്തി. (വിശ്വാസികൾക്കു വിവരമില്ലാതായാൽ ഇത്തരക്കാരെ യോഗത്തിനു ക്ഷണിക്കും.) ദൈവവചനത്തിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തവർ എന്തെങ്കിലും കിഴവിക്കഥകളൊക്കെ പറഞ്ഞ് സമയം പാഴാക്കുമല്ലോ. ചുമ്മാഡോയും ഇതുതന്നെ ചെയ്തു. അങ്ങ് ദൂരെ, ഹിമാലയത്തിൽ ഒരു സന്യാസിയുണ്ട്. സന്യാസിയാണെങ്കിലും ക്രിസ്ത്യാനിയാണ്. 200 വയസ്സിനു മുകളിൽ പ്രായമുണ്ട്. ഹിമാലയത്തിലിരുന്നു പ്രാർത്ഥിക്കലാണ് പ്രധാന പരിപാടി. പുറത്തെങ്ങും പോകാറില്ല. അത്യാവശ്യമായി വല്ല സ്ഥലത്തും പോകണമെങ്കിൽ ശരീരം അവിടെ ഉപേക്ഷിച്ചിട്ട് ആത്മാവു മാത്രം യാത്ര ചെയ്യും. ഇങ്ങനെ ആത്മാവിൽ സഞ്ചരിച്ച് ഇദ്ദേഹം പലരേയും സഹായിച്ചിട്ടുണ്ട്. പിന്നീട് ഇദ്ദേഹത്തിന്റെ ആത്മാവു ശരീരത്തിൽ വന്നു കയറും. കർത്താവായ യേശുക്രിസ്തു മടങ്ങി വരുന്നതുവരെ ഇദ്ദേഹം മരിക്കുകയില്ല. (വെടിയേ, ഠോ). ഈ വിരുതനു ഡോക്ടറേറ്റ് കിട്ടിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

# നൈജീരിയൻ തട്ടിപ്പ്: അടവുകൾ പലവിധം

എന്താണു നൈജീരിയൻ തട്ടിപ്പ്? വലിയൊരു തുക സൗജന്യമായി നൽകാമെന്നു വാഗ്ദാനം ചെയ്തു നടത്തുന്ന തട്ടിപ്പാണിത്. സൗജന്യമായി കാര്യം സാധിക്കാമെന്നു കരുതി എത്തുന്നവരോട് വിവിധ കാരണങ്ങൾ പറഞ്ഞ് പണം വാങ്ങുന്നു. ഒടുവിൽ കിട്ടാനുള്ളതു മാത്രമല്ല കൊടുത്തതും നഷ്ടമാകും. ഇതാണു നൈജീരിയൻ തട്ടിപ്പ്.

ഇങ്ങനെ പറഞ്ഞാൽ കാര്യം മനസ്സിലായില്ലെന്നു വരാം. അതുകൊണ്ട് ഉദാഹരണ സഹിതം വിശദീകരിക്കാം.

ഒരു ദിവസം നിങ്ങൾക്ക് ഒരു ഈമെയിൽ ലഭിക്കുന്നു. (ഈമെയിൽ ഇല്ലെങ്കിൽ ഫാക്സ്, കത്ത്, എസ്.എം.എസ്. തുടങ്ങി എന്തുമാകാം). ലണ്ടനിൽ നടന്ന നറുക്കെടുപ്പിൽ നിങ്ങൾക്ക് 500 കോടി ഡോളർ (അല്ലെങ്കിൽ പൗണ്ടോ യൂറോയോ ആകാം) ലഭിച്ചിരിക്കുന്നു. ഉടൻ നിങ്ങളുടെ പേര്, വിലാസം, അക്കൗണ്ട് നമ്പർ തുടങ്ങിയവ അറിയിക്കുക. ''ഞാൻ അങ്ങനെയൊരു ലോട്ടറി എടുത്തിട്ടേയില്ലല്ലോ. പിന്നെങ്ങനെ സമ്മാനം കിട്ടും?'' ഇതാണു നിങ്ങൾ സ്വാഭാവികമായും ചോദിക്കേണ്ടത്. പക്ഷേ നിങ്ങൾ അങ്ങനെയൊന്നും ചോദിക്കയില്ല. സംശയവും മറ്റും ചോദിച്ച് പണം നഷ്ടമാക്കുന്നതു ബുദ്ധിയല്ല. അങ്ങനെ നിങ്ങൾ പേരും വിലാസവും മറ്റും അറിയിക്കും.

ഏതാനും ദിവസം കഴിയുമ്പോൾ മറുപടി കിട്ടും. നിങ്ങളുടെ പേരിൽ 500 കോടിയുടെ ചെക്ക് ഇഷ്യൂ ചെയ്തു കഴിഞ്ഞു. അതിന്റെ ഫോട്ടോകോപ്പി സഹിതമാകും മറുപടി വരുക. ഈ പണം നിങ്ങൾക്ക് എത്തിച്ചു തരാൻ ഒരു സെക്യൂരിറ്റി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇനി അവരാകും നിങ്ങളുമായി ബന്ധപ്പെടുക.

ഏതാനും ദിവസം കഴിയുമ്പോൾ സെക്യൂരിറ്റി ഏജൻസി നിങ്ങളെ ബന്ധപ്പെടും. ഇതാ പണം അയയ്ക്കാൻ പോകുന്നു. റെഡിയായിരിക്കുക. നിങ്ങൾ റെഡിയാണല്ലോ. പക്ഷേ നാലഞ്ചു ദിവസം കഴിയുമ്പോൾ ഒരു ചിന്ന പ്രശ്നമുണ്ടാകും. ഇത്രയും വലിയ തുക ഒരാൾക്കു സമ്മാനമായി കൊടുക്കുന്നതല്ലേ. റിസർ ബാങ്കിലെ ചില ഉദ്യോഗസ്ഥർക്ക് അഞ്ചുക്ഷം രൂപ കൈക്കൂലി വേണം. അതുകൊണ്ട് നിങ്ങൾ എത്രയും വേഗം ഈ കൈക്കൂലി കൊടുക്കുക. പണം അയയ്ക്കേണ്ട അക്കൗണ്ട് നമ്പറും അറിയിക്കും. 500 കോടി ഡോളർ കിട്ടാൻ അഞ്ചുലക്ഷം രൂപ കൈക്കൂലിയായി കൊടുക്കുന്നതു നഷ്ടമല്ല. അങ്ങനെ നിങ്ങൾ പലരോടായി കടം വാങ്ങി പണം അടയ്ക്കും. അതോടെ റിസർവ്വ് ബാങ്കിലെ പ്രശ്നം തീരും. പക്ഷേ ആദായനികുതിക്കാരാകും അടുത്ത പടിയായി കൈക്കൂലി ചോദിക്കുക. അവർക്കു വേണ്ടതു നാലു ലക്ഷമാണ്. അതും നിങ്ങൾ കൊടുക്കും. അങ്ങനെ പലതരം ഡിപ്പാർട്ട്മെന്റുകൾ പണം ചോദിക്കും. ഒടുവിൽ പണം കൊടുക്കാൻ പറ്റാത്ത സ്ഥിതിയിലാകും നിങ്ങൾ. ആ വിവരം നിങ്ങൾ അറിയിക്കുന്നതോടെ കഥ തീരും. പിന്നീട് ഒരു വിധത്തിലുള്ള അറിയിപ്പും നിങ്ങൾക്കു ലഭിക്കുകയില്ല. ഇതാണു നൈജീരിയൻ തട്ടിപ്പ്. കാര്യം പിടി കിട്ടിയോ?

എന്തുകൊണ്ടാണ് ഇതിനെ നൈജീരിയൻ തട്ടിപ്പ് എന്നു വിളിക്കുന്നത്? ഈ തട്ടിപ്പു പരിപാടി ആരംഭിച്ചതു നൈജീരിയയിലാണ്. പക്ഷേ എല്ലാ രാജ്യക്കാരും ഇപ്പോൾ ഇതു ചെയ്യുന്നുണ്ട്. എങ്കിലും നൈജീരിയൻ തട്ടിപ്പ് എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.

ലോട്ടറിയടിച്ചു എന്നു പറഞ്ഞു തട്ടിപ്പു നടത്തുന്നത് ഒരു രീതി മാത്രമാണ്. മരിച്ചു പോയതോ ഉടൻ മരിക്കാൻ പോകുന്നതോ ആയ ആരുടെയെങ്കിലും സ്വത്തുക്കൾ നിങ്ങൾക്കു നൽകാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ടാകാം മറ്റൊരു തട്ടിപ്പ്. നിങ്ങൾക്ക് എഫ്.സി.ആർ.എ ഉണ്ടെങ്കിൽ വലിയൊരു തുക വിദേശത്തുനിന്നു സംഭാവനയായി ലഭിക്കും എന്നു പറഞ്ഞും തട്ടിപ്പു നടത്താം. വിദേശത്തുള്ള ഒരാൾ വലിയൊരു തുക മുടക്കി ഇന്ത്യയിൽ ബിസിനസ്സ് തുടങ്ങാൻ പോകുന്നു എന്നു പറഞ്ഞു വരുമ്പോഴും സൂക്ഷിക്കുക. ഓഫർ എന്തുതന്നെ ആയാലും പ്രവർത്തന രീതി ഒന്നുതന്നെ. പണം കിട്ടാൻ ആദ്യം നിങ്ങൾ കുറെ പണം മുടക്കണം. അതു കൊടുത്തു കഴിയുന്നതോടെ എല്ലാം തീരും.

ഒരു പാസ്റ്റർക്കു പറ്റിയ അബദ്ധം ഇങ്ങനെ: പാസ്റ്ററുടെ മകന് പൈലറ്റായി ജോലി കിട്ടാൻ പോകുന്നു. പഠനച്ചെലവുൾപ്പെടെ എല്ലാം സൗജന്യം. പഠനം പൂർത്തിയായാൽ മാസം പത്തു ലക്ഷം രൂപയാണു ശമ്പളമായി ലഭിക്കുക. ഏതാനും ദിവസം കഴിഞ്ഞപ്പോൾ അല്പം പണം കൊടുക്കണമെന്നായി. യൂണിഫോം, താമസ സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ വകയിൽ രണ്ടു ലക്ഷം രൂപ മാത്രം. പലരോടായി കടം വാങ്ങി അതു കൊടുത്തു. ഉടൻ വന്നു അറിയിപ്പ്. യാത്ര പുറപ്പെടാൻ ഒരുങ്ങുക. അങ്ങനെ ഒരുങ്ങി നിന്നു. പക്ഷേ ഒരു പ്രശ്നം: ഒരു ലാപ്ടോപ് വാങ്ങണം. ഇൻഷ്വറൻസ് എടുക്കണം. കോഷൻ ഡിപ്പോസിറ്റ് അടയ്ക്കണം. എല്ലാം അവർ ചെയ്തു കൊള്ളും. മൂന്നു ലക്ഷം രൂപ കൊടുത്താൽ മതി. അതും കൊടുത്തു. പിന്നീടു പലപ്പോഴായി വീണ്ടും പണം കൊടുത്തു. പക്ഷേ ജോലി മാത്രം കിട്ടിയില്ല. കടം കാരണം നാട്ടിൽ നിൽക്കാൻ വയ്യാതായി. അതിനിടയിൽ സഭാനേതാവു വിവരമറിഞ്ഞു. അങ്ങനെ സഭയിൽ നിന്നും ഔട്ടായി.

ഇങ്ങനെ കഥകൾ ഏറെ പറയാനുണ്ട്. എല്ലാവർക്കും സംഭവിച്ചത് ഒന്നുതന്നെ. വലിയൊരു തുക തികച്ചും സൗജന്യമായി കിട്ടാൻ പോകുന്നു. അതു കിട്ടാൻ കുറെ ലക്ഷങ്ങൾ മുടക്കണമെന്നു പിന്നീടാണറിഞ്ഞത്. ദ്രവ്യാഗ്രഹം മൂലം അതു കൊടുത്തു. പിന്നീട് കൂടുതൽ തുക കൊടുത്തു. ഒടുവിൽ കടക്കെണിയിലായി.

അനേകരെ ഡാക്കിട്ടറാക്കിയ ഒരു മഹാന് 500 കോടി രൂപയാണു സുവിശേഷവേലയ്ക്കു കിട്ടിയത്, അതായതു കിട്ടുമെന്ന് അറിയിപ്പുണ്ടായത്. അതിന്റെ 20% ശതമാനം സ്വന്തം ആവശ്യത്തിന് എടുക്കാമെന്നുകൂടി കേട്ടതോടെ കക്ഷി ചാടിവീണു. കുറെ ലക്ഷങ്ങൾ നഷ്ടമായി, കക്ഷി പാപ്പരുമായി.

കോട്ടയത്തെ ഡാക്കിട്ടർ ചാർളിക്കു പറ്റിയത് ഇതാണെന്നു കരുതാം. അത്ഭുതം നടത്തുന്നതിനിടയിൽ അത്യത്ഭുതമായി ലോട്ടറിയടിച്ചു. കോടികൾ കിട്ടാനായി ലക്ഷങ്ങൾ മുടക്കി. ഒടുവിൽ സകുടുംബം സ്ഥലം വിട്ടു. ഇങ്ങനെ പണം നഷ്ടമായവർ നിരവധി. എന്നിട്ടും നാം പഠിച്ചിട്ടില്ല. കോടികളുടെ കഥ കേൾക്കുമ്പോൾ എല്ലാം മറക്കും.

പാക്കിലെ ഓവർസിയർക്ക് ഈ വിധത്തിൽ പണം നഷ്ടമായോ? ആ സാധ്യത തള്ളിക്കളയാനാവില്ല. ഏതോ ഫണ്ട് വരാൻ പോകുന്നു എന്നും ഫണ്ട് കിട്ടുമ്പോൾ കടമെല്ലാം വീട്ടാമെന്നും തോമസ് ജോൺ പലരോടും പറഞ്ഞതായി കേട്ടു. അങ്ങനെയെങ്കിൽ ആ ഫണ്ട് ഇങ്ങനെയുള്ളതാകാം. അതു ലഭിക്കാനായി സ്റ്റേഡിയം ബ്ലേഡുകമ്പനിയിൽ പണയം വച്ച് പണം വാങ്ങി കൊടുത്തിരിക്കാം. ലക്ഷക്കണക്കിനു രൂപ നഷ്ടമാകാൻ ഇതല്ലാതെ വേറെ വഴി കാണുന്നില്ല.

ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകുന്നു എന്നു ദൈവവചനം പറയുന്നു. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്ക്കുക. തികച്ചും അവിശ്വസനീയമായ ഓഫറുകൾ വരുമ്പോൾ സൂക്ഷിക്കുക: അതിന്റെ പിന്നിൽ എന്തോ പ്രശ്നമുണ്ട്. ദ്രവ്യാഗ്രഹം ഉപേക്ഷിക്കുക.

ഡിഫെൻഡറിന്റെ ഈമെയിൽ വിലാസത്തിൽ എല്ലാ ദിവസവും ഡസൻ കണക്കിനു നൈജീരിയൻ മെയിലുകൾ വരാറുണ്ട്. അവയ്ക്കു ഞങ്ങൾ മറുപടിപോലും അയയ്ക്കാറില്ല. അത്തരം ഒരു ഈമെയിൽ ഇതാ:

This is to inform you that you have been selected for a cash prize of 1,000,000 (British Pounds) held on the 10th of September 2010 in London. The selection process was carried out through random selection in Our computerized email selection system. Fill the below details and send to-Email: fredpeters25@yahoo.com.hk

1.Full Name & Address:
2.Age & Sex:
3.Nationality:
4.Telephone Number:

## നൈജീരിയൻ തട്ടിപ്പുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അറിയിപ്പ്

### Do Not fall Prey to Fictitious Offers of Funds Transfer: RBI Advisory

The Reserve Bank advised banks on May 26, 2010, to exercise due caution and to be extra vigilant concerning the fictitious offers whereby bank accounts are opened and/or transactions made in the accounts for receiving payments styled as transaction charges, etc, towards the so-called transfer of prize money/ award money, etc. The Reserve Bank has clarified that any person resident in India collecting and effecting/ remitting such payments directly /indirectly outside India is liable to be proceeded against with, for contravention of the Foreign Exchange Management Act, 1999 besides being liable for violation of regulations relating to Know Your Customer norms/Anti Money Laundering standards.

The Reserve Bank has also reiterated that the Foreign Exchange Management Act, 1999 prohibits remittance in any form towards participation in lottery schemes. These restrictions are also applicable to remittances for participation in lottery like schemes existing under different names, such as, money circulation scheme or remitta-nces for the purpose of securing prize money/awards, etc.

In its circular issued to banks, the Reserve Bank has stated that there has been a spate of fictitious offers of cheap funds in recent times from fraudsters. These came through letters, e-mails, mobile phones, SMS, etc. Detailing the modalities of the fraudsters, the Reserve Bank stated that communication was being sent on fake letterheads of the Reserve Bank and purportedly signed by its top executives/ senior officials to targetted people. Many residents have been victims of such teasing offers and have lost huge sums of money in the process. It was further brought to the Reserve Bank's notice that fraudsters sought money from gullible people, under different heads, such as, processing fees/ transaction fees/ tax clearance charges/ conversion charges, clearing fees, etc. The fraudsters open multiple accounts in banks in the name of individuals or proprietary concerns in different bank branches for collecting transaction charges, etc. The fraudsters persuade the victims to deposit certain amount in these accounts. The amounts are withdrawn immediately leaving the victims in a quandary.

The Reserve Bank has alerted the public on several occasions in the past about such fictitious schemes/ offers through the print and the electronic media. More such public education campaigns are also being planned. The Reserve Bank has asked banks to bring the contents of the circular to the notice of their constituents and customers concerned and to give it wide publicity.

Chief General Manager.

## കെ.ഒ.തോമസിനെ സൂക്ഷിക്കുക



ഇപ്പോൾ യു.എ.ഇ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന കെ.ഒ.തോമസിനെ സൂക്ഷിക്കുക. ഇയാൾ ഒന്നാംതരം വ്യഭിചാരിയാണ്. ദുർന്നടപ്പുകേസ്സിൽ തൊണ്ടി സഹിതം പിടിക്കപ്പെട്ടതുമൂലം ഐ.പി.സിയിൽ നിന്നു പുറത്താക്കപ്പെട്ടവനുമാണ്.

പീച്ചി മാസ്റ്ററുടെ സഹോദരനായ ഇയാൾ ഒരു കാലത്ത് അറിയപ്പെടുന്ന പ്രസംഗകനായിരുന്നു. പടിപടിയായി ഉയർന്ന് ഐ.പി.സിയിലെ ഒരു സെന്റർ പാസ്റ്റർ വരെ ആയി. പക്ഷേ ഇയാളുടെ പ്രധാന തൊഴിൽ വ്യഭിചാരമാണെന്നു തെളിഞ്ഞതോടെ ഐ.പി.സിയിൽ നിന്നു പുറത്താക്കപ്പെട്ടു. ഇയാളുടെ ചരിത്രമൊന്നും അറിഞ്ഞുകൂടാത്ത സ്ഥലങ്ങളിൽ മാത്രമാണ് ഇപ്പോൾ പരിപാടി നടത്തുന്നത്.

സ്ഥിരമായി ഗൾഫ് യാത്ര നടത്തുന്ന കെ.ഒ.തോമസ് മഹാപണ്ഡിതനായി അഭിനയിച്ച് നിരവധി സാധുക്കളെ കബളിപ്പിച്ചിട്ടുണ്ട്. താൻ പി.എച്ച്.ഡിക്കാരനാണെന്നു പ്രചരിപ്പിക്കുകയും ഡോ.കെ.ഒ.തോമസ് പി.എച്ച്.ഡി എന്നു പേരുവച്ച് വിസിറ്റിംഗ് കാർഡ് അടിക്കയും വരെ ചെയ്തിട്ടുണ്ട്. പക്ഷേ വെറും പത്താംക്ലാസ്സ് മാത്രമാണ് ഇയാളുടെ വിദ്യാഭ്യാസം. സരസമായി സംസാരിക്കാനും മാന്യനായി നടിക്കാനും ഇയാൾക്കറിയാം. സാധുക്കളെ കബളിപ്പിക്കാൻ കെ.ഒ.തോമസിനു കഴിയുന്നതും ഈ കാരണത്താലത്രേ. തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിച്ചു നടക്കുന്ന ഇയാൾ ഇപ്പോൾ ഗൾഫിലുണ്ട്. ദൈവമക്കൾ സൂക്ഷിക്കുക. ഇയാളെ വീടുകളിലോ സഭകളിലോ കയററുത്, പണം കൊടുക്കരുത്.



RNI No. 68089 / 97
2010 September 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# വിദേശപ്പണം: സർക്കാർ പിടി മുറുക്കുന്നു

വിദേശപ്പണത്തിന്റെ പിൻബലത്തിൽ ഭാരത സുവിശേഷീകരണം പൊടിപൊടിക്കുന്നവർക്ക് ഇനിയുള്ള കാലം അത്ര നല്ലതായിരിക്കില്ല. എഫ്.സി.ആർ.എ നിയമത്തിൽ കേന്ദ്രസർക്കാർ വരുത്തുന്ന ഭേദഗതികളും വിദേശ ഇന്ത്യാക്കാരുടെ വരുമാനത്തിനു നൽകിവരുന്ന നികുതി ഇളവുകളിൽ വരുത്തുന്ന പരിഷ്ക്കാരങ്ങളുമാണ് പ്രശ്നങ്ങൾക്കു വഴിവയ്ക്കുന്നത്.

രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ തുടങ്ങിയവ വിദേശത്തുനിന്നു സംഭാവന വാങ്ങുന്നതിനു ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന നിയമമാണ് Foreign Contribution Regulation Act എന്ന എഫ്.സി.ആർ.എ. 1976ൽ നിലവിൽ വന്ന ഈ നിയമപ്രകാരമാണ് സഭകളും സംഘടനകളും ഇതുവരെ വിദേശപ്പണം കൈപ്പറ്റിയിരുന്നത്. പക്ഷേ ഈ നിയമത്തിൽ ചില ഭേദഗതികൾ വരുത്തി ഒരു പുതിയ നിയമം ഉണ്ടാക്കുകയാണ്. മതപരിവർത്തനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും ഈ നിയമം വിനയാകും.

നിർബ്ബന്ധിത മതപരിവർത്തനം നടത്തുന്നവരെ മാത്രമേ പുതിയ എഫ്.സി.ആർ.എ നിയമം ബാധിക്കയുള്ളൂ എന്നതു ശരിയാണ്. പക്ഷേ എന്താണു നിർബ്ബന്ധിത മതപരിവർത്തനം എന്നതുകൂടി പരിഗണിക്കേണ്ടതുണ്ട്. സുവിശേഷീകരണം നടത്തുന്ന സഭകളും സംഘടനകളും മതപരിവർത്തനം നടത്തുന്നുണ്ട്. ഇത്തരം മതപരിവർത്തനങ്ങളിൽ ഒന്നെങ്കിലും നിർബ്ബന്ധിത മതപരിവർത്തനമാണെന്ന് ആരോപണമുണ്ടായാൽ എഫ്.സി.ആർ.എ പ്രകാരമുള്ള അംഗീകാരം നഷ്ടമാകും. ഇത്തരം ആരോപണങ്ങളും കേസ്സുകളും ഉണ്ടാക്കാൻ വലിയ ബുദ്ധിമുട്ടുമില്ല.

അഞ്ചു വർഷത്തിൽ ഒരിക്കൽ രജിസ്ട്രേഷൻ പുതുക്കണമെന്നതും ഗൗരവമുള്ള വിഷയമാണ്. ഇങ്ങനെ രജിസ്ട്രേഷൻ പുതുക്കാത്തവർക്ക് അംഗീകാരം നഷ്ടമാകും.

എഫ്.സി.ആർ.എ വഴി ലഭിച്ച പണം എന്തിനൊക്കെ വേണ്ടി ചെലവഴിച്ചു എന്നു വ്യക്തമാക്കുന്ന കണക്ക് ആണ്ടുതോറും സമർപ്പിക്കണം. ഇങ്ങനെ ചെയ്യാതിരുന്നാൽ അംഗീകാരം നഷ്ടമാകും. ഭരണച്ചെലവുകൾക്കായി വിനിയോഗിക്കുന്ന സംഖ്യ ആകെ വരുമാനത്തിന്റെ പകുതിയിൽ താഴെ ആയിരിക്കണമെന്നും നിർബ്ബന്ധമുണ്ട്. കള്ളക്കണക്കുകൾ കാണിച്ച് സർക്കാരിനെ വഞ്ചിക്കുന്നവരെ കുടുക്കാൻ ഈ ചട്ടങ്ങൾ സഹായകമാകും എന്നു തീർച്ച.

ഈ നിയമം നിലവിൽ വരുകയും കർശനമായി പാലിക്കാൻ സർക്കാർ തീരുമാനിക്കുകയും ചെയ്താൽ എല്ലാ പെന്തക്കോസ്ത് സഭകളുടെയും ഭൂരിപക്ഷം സ്വകാര്യ ട്രസ്റ്റുകളുടെയും എഫ്.സി.ആർ.എ അംഗീകാരം നഷ്ടമാകും. സഭകൾ, മിഷൻ പ്രവർത്തനങ്ങൾ, ബൈബിൾ കോളേജുകൾ തുടങ്ങിയവയെല്ലാം മതപരിവർത്തനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയാണെന്നു തെളിയിക്കാൻ എളുപ്പമാണ്. എഫ്.സി.ആർ.എ രജിസ്ട്രേഷൻ റദ്ദാക്കാൻ ഇതു മതിയായ കാരണമാണ്.

പുതിയ സംഘടനകൾക്കു രജിസ്ട്രേഷൻ ലഭിക്കാനും വളരെ ബുദ്ധിമുട്ടുണ്ടാകും. സുവിശേഷപ്രചരണം, സഭാപ്രവർത്തനം തുടങ്ങിയവ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയാണ് ഭൂരിപക്ഷം പെന്തക്കോസ്ത് സംഘടനകളും രജിസ്റ്റർ ചെയ്യുന്നത്. അത്തരം സംഘടനകൾക്കു രജിസ്ട്രേഷൻ നിഷേധിക്കാൻ സർക്കാരിനു കഴിയും.

ആദായ നികുതി നിയമത്തിൽ വരുത്തുന്ന ചില ഭേദഗതികളും സംഘടനകൾക്കു സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും. സംഘടനകൾ രജിസ്റ്റർ ചെയ്താൽ നിലവിലുള്ള നിയമം അനുസരിച്ച് ഒരു വർഷത്തിനകം അപേക്ഷ നൽകി നികുതിയിളവു നേടാം. ഒരു വർഷത്തിനകം അപേക്ഷ നൽകുന്നില്ലെങ്കിൽ പിന്നീട് അപേക്ഷിക്കാനാവില്ല. ആദായ നികുതി നിയമത്തിലെ 12.എ വകുപ്പനുസരിച്ചാണ് അപേക്ഷ നൽകേണ്ടത്. ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സഹായത്തോടെ ഇതു ചെയ്യാവുന്നതാണ്. ഇപ്രകാരം നികുതിയിളവു നേടുന്നില്ലെങ്കിൽ വരുമാനത്തിന്റെ മൂന്നിൽ ഒന്നോളം വരുന്ന തുക നികുതിയായി നൽകേണ്ടതായി വരും. ഇങ്ങനെയൊക്കെയാണ് നിലവിലുള്ള നിയമം.

പുതിയ ആദായനികുതി നിയമം നിലവിൽ വരുമ്പോൾ ഈ സ്ഥിതിക്കു മാറ്റമുണ്ടാകുമെന്നാണ് അറിയാൻ കഴിഞ്ഞത്. 12.എ അനുസരിച്ചു നികുതിയിളവു ലഭിച്ചാലും ഒരു നിശ്ചിത നിരക്കിൽ നികുതി നൽകണമെന്നു നിയമം വരും എന്നാണ് അറിയാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും വരുമാനത്തിന്റെ പത്തോ പതിനഞ്ചോ ശതമാനം ആദായ നികുതി നൽകേണ്ടതായി വരും.

വിദേശ ഇന്ത്യാക്കാരെ പ്രതികൂലമായി ബാധിക്കുന്ന വകുപ്പുകളും പുതിയ ആദായ നികുതി നിയമത്തിലുണ്ടാകും. നിലവിലുള്ള നിയമമനുസരിച്ച് ഒരു വർഷത്തിൽ 182 ദിവസത്തിലധികം കാലം വിദേശത്തു കഴിയുന്നവർക്ക് വിദേശത്തുനിന്നു ലഭിച്ച പണത്തിന് ഇന്ത്യയിൽ ആദായ നികുതി കൊടുക്കേണ്ടതില്ല. വിദേശത്തു ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് ഈ നിയമം ഗുണം ചെയ്യുന്നുമുണ്ട്. എന്നാൽ ചില തന്ത്രശാലികൾ ഈ പഴുതുപയോഗിച്ച് കള്ളപ്പണം വെളുപ്പിക്കാറുണ്ട്. സുവിശേഷ പ്രസംഗത്തിനെന്നും മറ്റും പറഞ്ഞ് അവർ ആറു മാസത്തിലധികം കാലം വിദേശത്തു കഴിയും. അങ്ങനെ അവർ എൻ.ആർ.ഐ ആകും.

പുതിയ നിയമം നിലവിൽ വരുന്നതോടെ എൻ.ആർ.ഐക്കു പുതിയ നിർവ്വചനമുണ്ടാകും. ഒരു വർഷത്തിൽ പത്തു മാസക്കാലമെങ്കിലും വിദേശത്ത് ആയിരുന്നാൽ മാത്രമേ എൻ.ആർ.ഐ ആകൂ എന്നു വരും. വർഷത്തിൽ രണ്ടു മാസത്തിലധികം കാലം അവധി ലഭിച്ചാലും ഇന്ത്യയിൽ രണ്ടു മാസമേ താമസിക്കാൻ കഴിയൂ എന്നു ചുരുക്കം. അതിലധികം താമസിച്ചാൽ എൻ.ആർ.ഐ അല്ലാതാകും. വിദേശത്തു ലഭിച്ച വരുമാനത്തിനും നികുതി കൊടുക്കേണ്ടതായും വരും. ഈ നിയമം നിരവധി വിദേശ ഇന്ത്യാക്കാരെ ബാധിക്കും എന്നു തീർച്ച.

കൺവൻഷൻ സീസണിൽ ഇന്ത്യയിലെത്തി ഷൈൻ ചെയ്യുന്ന എൻ.ആർ.ഐ പ്രസംഗകർക്ക് പുതിയ ആദായനികുതി നിയമം ഏറെ ബുദ്ധിമുട്ടുകളുണ്ടാക്കും. നവംബറിലോ ഡിസംബറിലോ ഇന്ത്യയിലെത്തുന്ന പ്രസംഗകർ മാർച്ച്- ഏപ്രിൽ മാസങ്ങിലാണു മടങ്ങുക. വർഷത്തിൽ മൂന്നു മാസമെങ്കിലും ഇന്ത്യയിൽ താമസിക്കാത്ത പ്രസംഗകർ കുറവ്. പക്ഷേ പുതിയ നിയമം നടപ്പിലാകുന്നതോടെ ഈ പരിപാടി നടക്കാതാകും. രണ്ടു മാസത്തിൽ അധികം കാലം ഇന്ത്യയിൽ താമസിച്ചാൽ എൻ.ആർ.ഐ സ്റ്റാറ്റസ് നഷ്ടമാകും. പക്ഷേ രണ്ടു മാസത്തേക്കു മാത്രമായി ഇന്ത്യയിൽ എത്തുന്നതു നഷ്ടക്കച്ചവടമാകുകയും ചെയ്യും.

ഗൾഫിൽ ബിസിനസ്സ് നടത്തുന്ന ഇന്ത്യാക്കാരെ ഈ നിയമം ബാധിക്കുമെന്നു വ്യക്തം. ബിസിനസ്സ് ആവശ്യത്തിന് ഇന്ത്യയിൽ വരുന്ന ഇവരിൽ പലരും വർഷത്തിൽ രണ്ടു മാസത്തിൽ അധികം കാലം ഇന്ത്യയിൽ ആയിരിക്കേണ്ടതായി വരും. ആ കാരണത്താൽ എൻ.ആർ.ഐ സ്റ്റാറ്റസ് നഷ്ടമായാൽ അത് അവരുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. വ്യാജൻമാരെ പിടികൂടാനായി ഉണ്ടാക്കുന്ന ഈ നിയമം നിരവധി സാധുക്കളെ കഷ്ടത്തിലാക്കും എന്നു ചുരുക്കം.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan